# പട്ടികജാതി വികസന സഹായി

**പട്ടികജാതി പ്രൊമോട്ടർമാർ, വകുപ്പ് ഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പ് ഭാരവാഹികൾ എന്നിവർക്കുള്ള ദ്വിദിന പരിശീലനം**

## പരിശീലകർക്കുള്ള കൈപ്പുസ്തകം

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
മുളങ്കുന്നത്തുകാവ്, തൃശൂർ – 680581

# പട്ടികജാതി വികസന സഹായി

## പരിശീലകർക്കുള്ള കൈപുസ്തകം


| | |
|---|---|
| **Editorial Board** | **എഡിറ്റോറിയൽ ബോർഡ്** |
| January 2017 | ജനുവരി 2017 |
| *Chief Editor* | *ചീഫ് എഡിറ്റർ* |
| **Dr.P.P.Balan** | **ഡോ. പി.പി.ബാലൻ** |
| Director, KILA | ഡയറക്ടർ, കില |
| *Editor* | *എഡിറ്റർ* |
| **Dr.Peter M.Raj** | **ഡോ.പീറ്റർ എം.രാജ്** |
| Associate Professor, KILA | അസോസിയേറ്റ് പ്രൊഫസർ, കില |
| *Associate Editor* | *അസോസിയേറ്റ് എഡിറ്റർ* |
| **Sri.M.K.Ravindranathan** | **ശ്രീ. എം.കെ.രവീന്ദ്രനാഥൻ** |
| *D.T.P* | *ഡി.ടിപി* |
| **Vinitha Ravi** | **വിനിത രവി** |

| | |
|---|---|
| *Published by* | *പ്രസാധനം* |
| **Kerala Institute of Local Administration**, | **കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ,** |
| Mulankunnathukavu, Thrissur -680581 | മുളങ്കുന്നത്തുകാവ്, തൃശൂർ - 680581 |
| Phone :0487-2201768,2200244 (Office) | ഫോൺ :0487-2201768,2200244 (ഓഫീസ്) |
| 0487-2201312 (Director), 0487-2201062 (Fax) | 0487-2201312 (ഡയറക്ടർ), 0487-2201062 (ഫാക്സ്) |
| e-mail: kilathrissur@gmail.com | ഇ-മെയിൽ: kilathrissur@gmail.com |
| Website: www.kila.ac.in | വെബ്സൈറ്റ്: : www.kila.ac.in |

**ആമുഖം**

കേരള ജനസംഖ്യയുടെ 9.1 ശതമാനം വരുന്നതും 53 വിഭാഗങ്ങളായി നിലനിൽക്കുന്നതുമായ പട്ടികജാതി വിഭാഗക്കാരുടെ വികസനം പൊതു സമൂഹവുമായി തട്ടിച്ചു നോക്കുമ്പോൾ ഇപ്പോഴും പിന്നോക്കം തന്നെയാണ്. പട്ടികവർഗ്ഗവുമായി താരതമ്യം ചെയ്യുമ്പോൾ ഈ വിഭാഗം മുമ്പിൽ തന്നെയാണ്. പ്രത്യേക അവകാശങ്ങളും സംരക്ഷണങ്ങളും, പദ്ധതികളും ഫണ്ടുകളും നിയമം മൂലം ഇവരുടെ ഉന്നമനത്തിനായി നിലനിൽക്കുന്നുവെങ്കിലും സമൂഹത്തിന്റെ മുഖ്യധാരക്കൊപ്പം ഇവരെ എത്തിക്കുന്നതിനു ശക്തമായ പ്രാദേശിക സർക്കാരുകൾ ഉണ്ടായിട്ടും നമുക്ക് കഴിഞ്ഞിട്ടില്ല. ഇവരോടുള്ള സമീപനം, വകുപ്പുകൾ തമ്മിലുള്ള ഏകോപനക്കുറവ്, ആവശ്യാധിഷ്ഠിതമല്ലാത്ത ആസൂത്രണം, കേന്ദ്രീകൃതാസൂത്രണം, ആസൂത്രണത്തിലും നിർവ്വഹണത്തിലുമുള്ള പങ്കാളിത്തക്കുറവ്, ഫണ്ടുകളുടെ ചോർച്ച, ഫണ്ട് ചെലവാക്കൽ മാത്രമായ ലക്ഷ്യം, ശരിയായ മോണിറ്ററിംഗിന്റെ കുറവ്, സാമൂഹ്യതിന്മകളെക്കുറിച്ച് അവബോധം വളർത്തുന്നതിലുള്ള പരാജയം, പരമ്പരാഗത ശീലങ്ങൾ, ആത്മാർത്ഥതയുടേയും സേവനമനസ്ഥിതിയുടേയും കുറവ് മുതലായവ ഇതിന് കാരണങ്ങളായി കാണാം. കേന്ദ്ര-സംസ്ഥാന, പ്രാദേശിക സർക്കാർ ഫണ്ടുകൾ, സ്കീമുകൾ, എം.എൽ.എ, എം.പി സ്കീമുകൾ വകുപ്പുകൾ വഴിയും പ്രാദേശിക സർക്കാരുകൾ വഴിയും നടപ്പിലാക്കുന്നുണ്ടെങ്കിലും ഇവർ തമ്മിലുള്ള ഏകോപനമില്ലായ്മ ഈ വികസനത്തിന് വിഘാതമായി നിലനിൽക്കുന്നു. പ്രാദേശിക തലത്തിൽ, ഊരുകൂട്ടം, അയൽസഭകൾ, അയൽക്കൂട്ടങ്ങൾ, ഗ്രാമസഭകൾ എന്നിവയിൽ നിന്നുള്ള മുൻഗണന നിശ്ചയിച്ചു ഉരുതിരിഞ്ഞ് വരേണ്ട പദ്ധതികൾ ഈ നിലയിലേക്ക് ഇന്നും എത്തിയിട്ടില്ല. പ്രാദേശിക തലത്തിൽ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും തയ്യാറാക്കേണ്ട സമഗ്ര പദ്ധതികൾ ഇന്നും കടലാസ്സിൽ മാത്രം. വിവിധ സ്കീമുകളുടേയും പദ്ധതികളുടേയും ഏകോപന സംയോജനക്കുറവ് പട്ടികജാതി വികസനം ഇഴഞ്ഞു നീങ്ങുന്നതിന് പ്രധാനകാരണം തന്നെയാണ്.

**സംവിധാനങ്ങൾ**

പട്ടികജാതിക്കാർക്ക് വേണ്ടിതന്നെ പട്ടികജാതി വകുപ്പും ഫണ്ടും, ഉപപദ്ധതിയും വിവിധ വകുപ്പ് സ്കീമുകളും നിലവിലുണ്ട്. കൂടാതെ പ്രാദേശിക സർക്കാർ വഴിയും ഉപപദ്ധതി തയ്യാറാക്കണം. വിവധ കേന്ദ്ര-സംസ്ഥാന സ്കീമുകളും വകുപ്പുകൾ മുഖേനയും എം.എൽ.എ, എം.പി വഴിയും മറ്റ് ഏജൻസികൾ വഴി നടപ്പിലാക്കുന്ന സ്കീമുകളും ഒരേ ജനത്തിനെതന്നെ ലക്ഷ്യമിട്ടുകൊണ്ടാണ്. ഇവകൊണ്ട് പരിഹരിക്കാവുന്ന പ്രശ്നങ്ങൾ ആ വഴിയും ശേഷിക്കുന്നവ ത്രിതല സർക്കാരുകൾ വഴിയും പരിഹരിക്കാവുന്നതുമാണ്. വിവിധ വകുപ്പ് സർവ്വേകൾ നിലനിൽക്കുന്ന പ്രശ്നങ്ങൾ സ്ഥിരീകരിക്കുന്നു. കൂടാതെ ഊരുക്കൂട്ടങ്ങൾ, അയൽക്കൂട്ടങ്ങൾ, ഗ്രാമസഭകൾ എന്നിവ വഴി വരുന്ന മുൻഗണനകൾ സ്വരൂപിച്ച് പ്രാദേശിക പദ്ധതിയും ഇവർക്ക് വേണ്ടി തയ്യാറാക്കേണ്ടതാണ്. എന്നാൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥരും പ്രാദേശിക സർക്കാർ ഉദ്യോഗസ്ഥരും തമ്മിലുള്ള ഏകോപനക്കുറവ് പട്ടികജാതി വികസനത്തെക്കാര്യമായി പിന്നോട്ടു വലിക്കുന്നു.

**ലക്ഷ്യം**

വിവിധ സംവിധാനങ്ങളും, സർക്കാരുകളും അവർക്ക് വേണ്ടി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും ലക്ഷ്യവും ഗുണഭോക്താക്കളും ഒന്നുതന്നെയാണെന്നും അതിനാൽ തന്നെ ഗ്രാമതലത്തിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ഊരുക്കൂട്ടതലത്തിൽ തയ്യാറാക്കുമ്പോഴും, പട്ടികജാതി ഉപപദ്ധതി വർക്കിംഗ് ഗ്രൂപ്പുകൾ വഴി തയ്യാറാക്കുമ്പോഴും സമഗ്ര പദ്ധതി ഗ്രാമപഞ്ചായത്ത്/നഗരസഭതലത്തിൽ തയ്യാറാക്കുമ്പോഴും ഇവരെല്ലാം ചേർന്ന് അതിന് അന്തിമ രൂപവും ചുമതലാ വിഭജനവും നടത്തണമെന്ന കാഴ്ചപ്പാടും ഇവരിൽ എല്ലാംതന്നെ ഉണ്ടാക്കുകയെന്നതാണ് ഈ പരിശീലനത്തിന്റെ പ്രധാന ലക്ഷ്യം. ആയതിനാൽ തന്നെ ഇതിൽ ഏറ്റവും അടിതട്ടിൽ പ്രവർത്തിക്കുന്നവരും അവരുടെ എല്ലാ പ്രശ്നങ്ങളും തടസ്സ

ങ്ങളും പരിഹാരങ്ങളും അറിയാവുന്നവരും അവരിലൊരാളായ പട്ടികജാതി പ്രൊമോട്ടർമാർക്കുള്ള പങ്ക് അതീവ പ്രാധാന്യമുള്ളതാണ്. അതിനാൽ തന്നെ പട്ടികജാതി വികസനം സാധ്യമാക്കുന്നതിന് പട്ടികജാതി പ്രൊമോട്ടർമാരെ അവരുടെ അറിവും കഴിവും കൂടി ശാക്തീകരിക്കേണ്ടത് അത്യാവശ്യമാണ് എന്ന തിരിച്ചറിവിൽ നിന്നാണ് ഈ പരിശീലനത്തിന് കില ആരംഭമിട്ടത്. കൂടാതെ തൊട്ട് മുമ്പ് പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ ഊരുമിത്രകൾക്കും പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്കും പട്ടികവർഗ്ഗ ഓഫീസർമാർക്കും കില നടത്തിയ ദ്വിദിന പരിശീലനത്തിൽ നിന്നുള്ള പ്രചോദനവും താഴെതട്ടിൽ നിന്നുള്ള ആവശ്യവും ഇതിന് ബലമേറിയിട്ടുണ്ട്.

പട്ടികജാതിവകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന പട്ടികജാതി പ്രൊമോട്ടർമാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ച ഉത്തരവിൽ (സ.ഉ(അച്ചടി)86/2010/പ.ജ.പ.വ.വി.വ തീയതി 25-7-2010) അവർ ചെയ്യേണ്ട ജോലികൾ എണ്ണി പറയുന്നുണ്ട്. കൂടാതെ അവർ ഗ്രാമപഞ്ചായത്ത്/നഗരസഭകളിൽ രണ്ട് ദിവസം സാന്നിധ്യം ഉറപ്പാക്കുന്നതിനും അതിന്റെ പദ്ധതി ആസൂത്രണത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പുകളിലും, പട്ടികജാതി ഉപപദ്ധതി രൂപീകരണത്തിലും അവരുടെ പങ്കും പ്രാധാന്യമർഹിക്കുന്നു. പട്ടികജാതി പ്രൊമോട്ടർമാർ വകുപ്പിനേയും പ്രാദേശിക സർക്കാരിനേയും നേരിട്ട് ബന്ധിപ്പിക്കുന്ന കണ്ണിയായും പട്ടികജാതി കുടുംബവും വകുപ്പും പ്രാദേശിക സർക്കാരുമായി ബന്ധിപ്പിക്കുന്ന വ്യക്തി എന്ന നിലയിലും അവരെ ശാക്തീകരിക്കേണ്ടത് പട്ടികജാതി വികസനത്തിന് അനിവാര്യവുമാണ്. വിവിധ കേന്ദ്ര-സർക്കാർ, പ്രാദേശിക സർക്കാർ ഏജൻസികളുടെ വിവിധ സ്കീമുകൾ എല്ലാം തന്നെ പട്ടികജാതി വികസനത്തിന് ഉപകരിക്കുന്നതുമാണ്. 1000 ൽ പരം വിവിധ സ്കീമുകൾ ഇതിൽപ്പെടുന്നു. ഇതിൽ പട്ടികജാതിക്കാർക്കു മാത്രമായി 170 ഓളം സ്കീമുകൾ നിലവിലുണ്ട്. ഈ സ്കീമുകളെക്കുറിച്ച് പ്രൊമോട്ടർമാർക്കും വകുപ്പ് ഉദ്യോഗസ്ഥർക്കും പ്രാദേശിക സർക്കാർ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും വേണ്ട അവബോധം ഇല്ലായ്മ വികസനത്തെ ബാധിക്കുന്നു. ആയതിനാൽ തന്നെ വിവിധ സ്കീമുകളെക്കുറിച്ച് അവബോധം വളർത്തുക എന്നത് ശാക്തീകരണത്തിന്റെ ഭാഗമാണ്. പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്/ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരും, പ്രൊമോട്ടർമാരും, പട്ടികജാതി ഓഫീസർമാരും പ്രാദേശിക സർക്കാർ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാന്മാർ (ജനപ്രതിനിധികൾ), വൈസ് ചെയർമാൻ (വിദഗ്ധൻ) എന്നിവരെയാണ് ഇതിന്റെ ഭാഗമായി പരിശീലനാർത്ഥികളായി തെരഞ്ഞെടുത്തിരിക്കുന്നത്. ഇവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമെ പട്ടികജാതി വികസനത്തിലെ വിടവുകൾ പരിഹരിച്ച് അതിന് ആക്കം കൂട്ടുവാൻ കഴിയുകയുള്ളു. ഇത് ബോധ്യമാക്കികൊണ്ടുവേണം പരിശീലകർ സെഷനുകൾ കൈകാര്യം ചെയ്യേണ്ടതും ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടതും.

ഇതിനായി കൈ പുസ്തകത്തിന് 2 വാള്യങ്ങൾ ഉണ്ട്. വാള്യം ഒന്നിൽ നിലവിലുള്ള വിവിധ സ്കീമുകളെക്കുറിച്ചുള്ള വിവരങ്ങളാണ് നൽകിയിട്ടുള്ളത്. ഇവ 10 അദ്ധ്യായങ്ങളായി തിരിച്ചിരിക്കുന്നു. ഭാഗം 1 ൽ ആമുഖം അടക്കം 5 അദ്ധ്യായങ്ങളും ഭാഗം 2 ൽ 6 മുതൽ 10 വരെ അദ്ധ്യായങ്ങളും. ഭാഗം ഒന്നിൽ പട്ടികജാതിക്കാർക്ക് മാത്രമായുള്ള 170 ഓളം സ്കീമുകളാണ് നൽകിയിട്ടുള്ളത്. അദ്ധ്യായം 1 ആമുഖം, 2 തൊഴിലുമായി ബന്ധപ്പെട്ട പട്ടികജാതി സ്കീമുകൾ, അദ്ധ്യായം 3 ആരോഗ്യം, അദ്ധ്യായം 4 വിദ്യാഭ്യാസം, അദ്ധ്യായം 5 ക്ഷേമവുമായി ബന്ധപ്പെട്ട പട്ടികജാതി സ്കീമുകൾ ഉൾക്കൊള്ളുന്നു. (166 സ്കീമുകൾ)

ഭാഗം 2 ലെ ജനറൽ സ്കീമുകളിൽ അദ്ധ്യായം 6 തൊഴിൽ, അദ്ധ്യായം 7 ആരോഗ്യം, അദ്ധ്യായം 8 വിദ്യാഭ്യാസം, അദ്ധ്യായം 9 ക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സ്കീമുകൾ എന്നിവ ഉൾക്കൊള്ളിച്ചിരിക്കുന്നു. അദ്ധ്യായം 10 ൽ വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങളുടെ വിവരങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. (685 സ്കീമുകൾ)

കൈപുസ്തകം വാള്യം 2 വാള്യം ഒന്നിന്റെ അനുബന്ധമാണ്. ഇതിൽ വാള്യം 1 ലെ വിവിധ സ്കീമുകളുടെ ലഭ്യമായ അപേക്ഷാഫോമുകൾ ഉൾക്കൊള്ളുന്നതാണ്. (208 സ്കീമുകൾ)

എല്ലാ സ്കീമുകളും തൊഴിൽ, ആരോഗ്യം, വിദ്യാഭ്യാസം, ക്ഷേമം എന്നീ തലകെട്ടുകളിയി ഉൾക്കൊള്ളിച്ചിരിക്കുന്നു. സ്കീമുമായി ബന്ധപ്പെട്ട വകുപ്പിന്റെ/പ്രാദേശിക സർക്കാരിന്റെ പേരും അതിൽ ചേർത്തിട്ടുണ്ട്. സേവനവുമായി ബന്ധപ്പെട്ട (അദ്ധ്യായം 10) 140 എണ്ണം നൽകിയിട്ടുണ്ട്.

പരിശീലകർ കൈപുസ്തകങ്ങളുടെ രണ്ട് വാള്യങ്ങളും വായിച്ച് ഹൃദിസ്ഥമാക്കണം. സംശയങ്ങൾ കൂട്ടായ ചർച്ചയിലൂടെയോ കോഴ്സ് കോർഡിനേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തിയോ പരിഹരിക്കണം. സംശയമുള്ളവ സംശയം തീർത്തേ മറുപടി പറയാവു.

വാള്യം ഒന്നിലെ അദ്ധ്യായം 1 പട്ടികജാതിക്കാരുടെ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടേയും പരിഹാരങ്ങളുടേയും പോരായ്മകളുടേയും വിലയിരുത്തലാണ്. ഇതിൽ പട്ടികജാതിക്കാരുടെ സ്ഥിതിയെക്കുറിച്ചുള്ള പൊതു അവലോകനമാണ്. ആയതിനാൽ ഇവ ഓരോ പരിശീലകനും വായിച്ച് ഹൃദിസ്ഥമാക്കണം.

2 ദിവസം നീണ്ടു നിൽക്കുന്ന പരിശീലനത്തിന്റെ കാര്യപരിപാടി ഇതിന്റെ അവസാനം നൽകിയിട്ടുണ്ട്. ഇതിൽ പ്രകാരമുള്ള സമയനിഷ്ഠ ഓരോ ഫാക്കൽറ്റിയും പ്രാവർത്തികമാക്കണം. ഒന്നു മുതൽ 8 സെഷനുകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഓരോ സെഷന്റേയും മൊഡ്യൂൾ അന്യത്ര ചേർത്തിരിക്കുന്നു. ഓരോ ഫാക്കൽട്ടിയും 8 സെഷനും ഒരേ പോലെ കൈകാര്യം ചെയ്യാൻ പ്രാപ്തിയുള്ളവർ ആയിരിക്കണം. ഓരോന്നിന്റേയും സെഷൻ പ്ലാനും അവതരണക്കുറിപ്പും എൽ.സി.ഡി സ്ലൈഡുകളും ഇതിൽ നൽകിയിട്ടുണ്ട്. അവ വായിച്ച് മനസ്സിലാക്കി മാത്രം അവതരിപ്പിക്കണം. ഒന്നും രണ്ടും സെഷനുകൾ ഒഴിച്ച് എല്ലാം തന്നെ ഗ്രൂപ്പ് വർക്കാണ്. ഇതിനുവേണ്ടി പരിശീലനാർത്ഥികളെ 10 പേർ അടങ്ങിയ ഗ്രൂപ്പുകളായി തിരിക്കണം. ഓരോ ഗ്രൂപ്പും ആദ്യം തൊഴിലുമായി ബന്ധപ്പെട്ട അദ്ധ്യായം 2,6 എന്നിവയിലെ സ്കീമുകൾ വായിച്ച് ചർച്ച ചെയ്ത് റിപ്പോർട്ട് തയ്യാറാക്കണം. ഗ്രൂപ്പിൽ ആ വിഷയം സംബന്ധിച്ച ഫാക്കൽട്ടി ഉപദേശം നൽകണം. ഓരോ ഗ്രൂപ്പിലും ഒരു അദ്ധ്യക്ഷനേയും റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു റിപ്പോർട്ടറേയും തിരഞ്ഞെടുക്കണം. സ്കീമുകൾ ഗ്രൂപ്പിലുള്ള ഓരോ അംഗവും മാറി മാറി വായിച്ച് ഹൃദിസ്ഥമാക്കണം. സംശയമുണ്ടെങ്കിൽ ഫാക്കൽട്ടി ആയത് തീർക്കണം. പ്ലീനറിയിൽ സംശയ ദൂരികരണം നടത്തണം. എഴുതി തരുകയും ചെയ്യാം.

ഇത് പോലെ രണ്ടാം ഗ്രൂപ്പ് അദ്ധ്യായം 3,7 എന്നിവയിലെ സ്കീമുകൾ വായിച്ച് ഹൃദ്യസ്ഥമാക്കണം. മൂന്നാം ഗ്രൂപ്പ് 4,8 എന്നിവയിലേയും 4-ാം ഗ്രൂപ്പ് 5,9 എന്നീ അദ്ധ്യായങ്ങളിലേയും സ്കീമുകൾ വായിച്ച് ചർച്ച ചെയ്ത് ഹൃദ്യസ്ഥമാക്കണം. കാര്യപരിപാടിയിൽ അനുവദിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ ചർച്ച അവസാനിക്കുന്നുവെന്ന് ബന്ധപ്പെട്ട ഗ്രൂപ്പിലുള്ള ഫാക്കൽട്ടി ഉറപ്പു വരുത്തണം.

ഒന്നു മുതൽ 5 വരെ സെഷനുകൾ ഒന്നാം ദിവസവും 6 മുതൽ 8 വരെ സെഷനുകൾ രണ്ടാം ദിവസവും കൈകാര്യം ചെയ്യണം. ഗ്രൂപ്പ് ചർച്ച നടത്തുമ്പോൾ തന്നെ ബന്ധപ്പെട്ട സ്കീമുകളുടെ ലഭ്യമായ അപേക്ഷാഫോമുകൾ വാള്യം 2 ലെ കൈപുസ്തകത്തിൽ റഫർ ചെയ്യണം. (അനുബന്ധം 1). പരിശീലനാർത്ഥികൾക്ക് ആയതിനാൽ തന്നെ കൈപുസ്തകത്തിന്റെ രണ്ട് വാള്യങ്ങളും കിട്ടിയെന്ന് പരിശീലനത്തിന് മുമ്പ് തന്നെ ഉറപ്പു വരുത്തേണ്ടതാണ്. രണ്ടാം ദിവസത്തെ സെഷൻ 5 തുലോം വ്യത്യസ്തമാണ്. ഇവിടെയും അതേ ഗ്രൂപ്പുകൾ തന്നെ നിലനിർത്താം. ഈ സെഷൻ പട്ടികജാതി വികസനത്തിന് പ്രായോഗികമായി തടസ്സം നിൽക്കുന്ന കാരണങ്ങളും പരിഹാരങ്ങളും നിർദ്ദേശിക്കുന്നതിനായുള്ള കൂട്ടായ ചർച്ചയാണ്. ഇതിന് നിശ്ചിത പ്രൊഫോർമ തയ്യാറാക്കിയത് (പ്രൊഫോർമ -1) ഗ്രൂപ്പിൽ നൽകണം. ഇവ ഗ്രൂപ്പിൽ അവതരിപ്പിച്ച് ഫാക്കൽട്ടിയെ ഏൽപ്പിക്കണം. ഏവർക്കും സ്വതന്ത്രമായി അഭിപ്രായം സ്വരൂപിക്കാമെന്ന് ഫാക്കൽട്ടി തുടക്കത്തിൽ ഗ്രൂപ്പിൽ പറയണം. എന്ത് നടപടി എടുത്താൽ ഇന്നും പരിഹരിക്കാതെയിരിക്കുന്ന കാര്യങ്ങൾക്ക് പരി

ഹാരം കാണാൻ കഴിയുമെന്നാണ് ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ് വരേണ്ടത്. പട്ടികജാതിക്കാരുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രൊമോട്ടർമാരും മറ്റ് ഉദ്യാഗസ്ഥരും, ജനങ്ങളും സംഘടനകളും വ്യക്തിപരമായി നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും കൂടി ഇവിടെ പ്രതിപാദിക്കാമെന്നും പ്രത്യേകം പറയണം. ഇതിൽ നിന്നും ലഭിക്കുന്ന പ്രശ്ന പരിഹാരങ്ങൾ തന്നെയാണ് പട്ടികജാതി വികസനം സാധ്യമാക്കുന്നതിന് അടിസ്ഥാനമായിട്ടുള്ളത് എന്ന തിരിച്ചറിവ് ഇതിൽ നിന്നും ലഭിക്കുന്നതാണ്. വകുപ്പ് ഓഫീസർമാരും, അടിത്തട്ടിൽ പ്രവർത്തിക്കുന്ന പ്രൊമോട്ടർമാരും പ്രാദേശിക സർക്കാർ പ്രതിനിധികളും അടങ്ങുന്ന പരിശീലനാർത്ഥികൾ ഒരുമിച്ചിരുന്ന് പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന ഈ ചുവട് വെപ്പ് പട്ടികജാതി വികസനത്തിൽ ഒരു നാഴികക്കല്ലായി തീരുന്നതാണെന്ന് ബോധ്യമാക്കണം. പരിശീലനാർത്ഥികൾ ഹൃദിസ്ഥമാക്കുന്ന ഓരോ സ്കീമും പട്ടികജാതി കുടുംബങ്ങളിലെ ഏതെങ്കിലും പ്രശ്നപരിഹാരത്തിനായിട്ടുള്ളതാണെന്നും ആയതിനാൽ തന്നെ അവ ശ്രദ്ധയോടെ പഠിക്കുകയും ആ അറിവ് ഓരോ കുടുംബത്തിനും പകർന്ന് നൽകി അവരെ ശാക്തീകരിക്കുന്നതിനാണെന്നും ഉള്ള തിരിച്ചറിവ് ഈ പരിശീലനത്തിലൂടെ പ്രദാനം ചെയ്യാൻ ഓരോ പരിശീലകനും ശ്രദ്ധിക്കണമെന്നും ആയതിനാൽ തന്നെ രണ്ട് വാള്യം പുസ്തകങ്ങളിലൂടെയും POA നിയമത്തിലൂടെയും (വാള്യം 1 ന്റെ അവസാനം നൽകിയിട്ടുണ്ട്) ഈ പരിശീലക കൈപുസ്തകത്തിലൂടെയും സശ്രദ്ധയോടെ കടന്ന് പോയി ഈ പരിശീലനം വിജയപ്രദമാക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്. ഫാക്കൽട്ടികൾ എല്ലാം മുഴുവൻ സമയവും എല്ലാ സെഷനിലും സന്നിഹിതരാകേണ്ടതാണ്.

ഡയറക്ടർ
**ഡോ.പി.പി.ബാലൻ**

## പട്ടികജാതി വികസന സഹായി – കൈപുസ്തക വിവരങ്ങൾ

**കൈപുസ്തകം – വാള്യം I, അദ്ധ്യായങ്ങൾ 10**

ഉള്ളടക്കം

ഭാഗം 1 (പട്ടികജാതി മാത്രം)

അദ്ധ്യായം 1 – ആമുഖം

അദ്ധ്യായം 2 – തൊഴിൽ (സ്കീമുകൾ –84, വകുപ്പുകൾ–11)

അദ്ധ്യായം 3 – ആരോഗ്യം (സ്കീമുകൾ – 2 വകുപ്പ്– 2)

അദ്ധ്യായം 4 – വിദ്യാഭ്യാസം (സ്കീമുകൾ 57 വകുപ്പുകൾ 7)

അദ്ധ്യായം 5 – ക്ഷേമം ( സ്കീമുകൾ 23 വകുപ്പുകൾ 10)

ഭാഗം 2 (ജനറൽ)

അദ്ധ്യായം 6 – തൊഴിൽ (സ്കീമുകൾ –129, വകുപ്പുകൾ–20)

അദ്ധ്യായം 7 – ആരോഗ്യം (സ്കീമുകൾ – 90 വകുപ്പ്– 7)

അദ്ധ്യായം 8 – വിദ്യാഭ്യാസം (സ്കീമുകൾ 96 വകുപ്പുകൾ 32)

അദ്ധ്യായം 9 – ക്ഷേമം ( സ്കീമുകൾ 230 വകുപ്പുകൾ 21)

അദ്ധ്യായം 10 – സേവനങ്ങൾ (സ്കീമുകൾ 140 വകുപ്പുകൾ 12)

ആകെ സേവനങ്ങൾ 851 വകുപ്പുകൾ 122

POA നിയമവും ചട്ടവും

കവർ പേജ് ബാക്ക് – പട്ടികജാതി വിഭാഗങ്ങൾ –പേരുകൾ

**കൈപുസ്തകം വാള്യം II അപേക്ഷാ ഫോമുകൾ**

ബാധകമായ സ്കീമുകളുടെ എണ്ണം

സ്കീമുകൾ – അപേക്ഷാ ഫോറങ്ങൾ – 160

സേവനങ്ങൾ – അപേക്ഷാ ഫോറങ്ങൾ – 48

ആകെ – 208

കവർപേജ് ബാക്ക് – അതിക്രമങ്ങളായി കണക്കാക്കുന്ന വിവരങ്ങൾ – 47 എണ്ണം

## പരിശീലന വിവരങ്ങൾ

പരിശീലനാർത്ഥികൾ -പട്ടികജാതി പ്രൊമോട്ടർമാർ, പട്ടികജാതി വികസന ഓഫീസർമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്/ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ, പട്ടികജാതി വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ (വി.ഇ.ഒ/എ.എസ്), ചെയർമാന്മാർ, വൈസ് ചെയർമാന്മാർ

- പ്രതീക്ഷിക്കുന്ന ആകെ പഠിതാക്കൾ - 6000
- ആവശ്യമായ ആകെ ബാച്ചുകൾ - 80
- ഒരു ബാച്ചിൽ പങ്കെടുക്കേണ്ട ഗ്രാമപഞ്ചായത്തുകൾ - 10-12
- എസ്.സി പ്രൊമോട്ടർ, പ്രസിഡണ്ട്/ചെയർമാൻ, വർക്കിംഗ് ഗ്രൂപ്പ് ഭാരവാഹികൾ അടക്കം ഒരു ബാച്ചിൽ പങ്കെടുക്കേണ്ടവരുടെ എണ്ണം - 5 പേർ (കൂടാതെ 2-3 SCDO മാരും)
- പരിശീലന ദിവസങ്ങൾ - 2
- പരിശീലനം ആരംഭിക്കുന്നത് - 2017 ജനുവരി 27
- ഉദ്ദേശിക്കുന്ന പരിശീലന വേദികളുടെ എണ്ണം - 3 (കില കൂടാതെ)
- പരിശീലന കാലാവധി - 34 മാസങ്ങൾ
- മേഖലാ കേന്ദ്രങ്ങൾ, ഉൾപ്പെടുന്ന ജില്ലകൾ

വടക്ക് മേഖല - കാസർഗോഡ്-പാസ്റ്ററൽ സെന്റർ, പടന്നക്കാട്, കാഞ്ഞങ്ങാട്
(കാസർഗോഡ്, കണ്ണൂർ,വയനാട്, കോഴിക്കോട് ജില്ലകൾ)

മദ്ധ്യമേഖല - നിഫാം - (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ് - ആലുവ-എറണാകുളം
(എറണാകുളം, ആലപ്പുഴ, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം)

തെക്ക് മേഖല - പഴകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി- പാസ്- അടൂർ
(തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട)

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**

**മുളങ്കുന്നത്തുകാവ്, തൃശൂർ – 680 581**

**പട്ടികജാതി പ്രൊമോട്ടർമാർ, വകുപ്പ് ഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പ് ഭാരവാഹികൾ എന്നിവർക്കുള്ള ദ്വിദിന പരിശീലനം**

## കാര്യപരിപാടി

### ഒന്നാം ദിവസം

| | | |
|---|---|---|
| 09.30-10.00 AM | : | രജിസ്ട്രേഷൻ |
| 10.00-10.30 AM | : | **സ്വാഗതം –**<br><br>**ഉദ്ഘാടനം** |
| 10.30 – 11.00 AM | : | **പരിചയപ്പെടൽ, കാര്യപരിപാടി വിശദീകരണം** |
| 11.00 – 11.15 AM | : | ചായ |
| 11.15– 12.15 PM | : | സെഷൻ 1<br>**കേരളത്തിലെ പട്ടികജാതിക്കാരുടെ സ്ഥിതി വിശേഷം** |
| 12.15– 01.30 PM | : | സെഷൻ 2<br>**പ്രാദേശികാസൂത്രണവും പട്ടികജാതി ഉപപദ്ധതിയും** |
| 01.30-02.15 PM | | ഉച്ചഭക്ഷണം |
| 02.15 – 04.00 PM | : | സെഷൻ 3<br>**തൊഴിൽ, സ്വയംതൊഴിൽ സ്കീമുകൾ –** ഗ്രൂപ്പ് പ്രവർത്തനം |
| 04.00 – 04.15 PM | : | ചായ |
| 04.15 – 05.00 PM | : | സെഷൻ 3 തുടർച്ച |
| 05.00 – 06.30 PM | : | സെഷൻ 4<br>ആരോഗ്യവുമായി ബന്ധപ്പെട്ട സ്കീമുകൾ– ഗ്രൂപ്പ് പ്രവർത്തനം |
| 06.30-06.45 PM | : | ചായ |
| 06.45 – 07.15 PM | : | സെഷൻ 4 തുടർച്ച |
| 07.15 – 08.15 PM | | **സെഷൻ 5**<br>പട്ടികജാതി വികസനത്തിൽ പ്രായോഗികതലത്തിൽ നേരിടുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ, പരിഹാരങ്ങൾ, മാതൃകാ പദ്ധതികൾ – ഗ്രൂപ്പ് ചർച്ച – അവതരണം |

### രണ്ടാം ദിവസം

| | | |
|---|---|---|
| 08.30-09.00 AM | : | അവലോകനം |
| 09.00-11.00 AM | : | സെഷൻ 6<br>**വിദ്യാഭ്യാസ പ്രവർത്തനം –** ഗ്രൂപ്പ് പ്രവർത്തനം |

| | | |
|---|---|---|
| 11.00 – 11.15 AM | : | ചായ |
| 11.15– 01.30 PM | : | സെഷൻ 7<br>**ക്ഷേമപദ്ധതികൾ- ഗ്രൂപ്പ് പ്രവർത്തനം** |
| 01.30-02.15 PM | | ഉച്ചഭക്ഷണം |
| 02.15 – 03.00 PM | : | സെഷൻ 7 തുടർച്ച |
| 03.00 – 04.00 PM | : | സെഷൻ 8<br>വിവിധ വകുപ്പ് സേവനങ്ങൾ<br>ഗ്രൂപ്പ് തർച്ച, സംശയ ദുരീകരണം |
| 04.00– 04.15 PM | : | ചായ |
| 04.15 – 05.00 PM | : | പരിശീലനം വിലയിരുത്തൽ |
| 05.00-05.30PM | : | സമാപനം |

**കോഴ്സ് ഡയറക്ടർ : ഡോ.പീറ്റർ എം രാജ്.**(അസോസിയേറ്റ് പ്രൊഫസർ, കില)
**കോഴ്സ് കോർഡിനേറ്റർ: രവീന്ദ്രനാഥൻ എം.കെ, കില. ഫോൺ: 9746342952**
**സെന്റർ കോർഡിനേറ്റർ : ……………………………..**

## സെഷൻ - 1

1. വിഷയം — പട്ടികജാതിക്കാരുടെ ഇന്നത്തെ സ്ഥിതി വിശേഷം

2. ലക്ഷ്യങ്ങൾ
   1. പട്ടികജാതിക്കാരുടെ കേരളത്തിലെ ഇന്നത്തെ സ്ഥിതി വിശേഷം എന്തെന്ന് സ്ഥിതി വിവരകണക്കുകളും സെൻസസ് റിപ്പോർട്ടുകളും അടിസ്ഥാനമാക്കി അപഗ്രഥിക്കുക
   2. പൊതു സമൂഹത്തോടൊപ്പം ഇവരെ കൊണ്ടുവരുന്നതിനുള്ള തടസ്സങ്ങൾ എന്തെന്നും അവയ്ക്കുള്ള കാരണങ്ങൾ എങ്ങനെ ദൂരികരിക്കാമെന്നും പങ്കാളിത്ത ചർച്ചയിലൂടെ കണ്ടെത്തുക

3. സമയം — 60 മിനിറ്റ്

4 വേദി — വിവിധ വേദികൾ

5. ഉള്ളടക്കം / രീതി

| ക്രമ നം. | ഉള്ളടക്കം | സമയം (മിനിറ്റ്) | പഠന രീതി | ഉപാധി |
|---|---|---|---|---|
| 1 | പട്ടികജാതി വിഭാഗവും ഭരണഘടനയും മറ്റ് നിയമ പരിരക്ഷകളും (POA Act, Rule, other Provisions) | 10 | പങ്കാളിത്ത അവതരണം | എൽ.സി.ഡി, ബോർഡ്, പെൻ, സ്ലൈഡ് 2,3,4 |
| 2 | പട്ടികജാതി വിഭാഗവും ദാരിദ്ര്യവും | 10 | -do- | സ്ലൈഡ് 5 |
| 3 | ആരോഗ്യവും വിദ്യാഭ്യാസവും ഇന്നത്തെ നില | 10 | -do- | സ്ലൈഡ് 6,7 |
| 4 | പട്ടികജാതി വിവിധ വിഭാഗങ്ങളുടെ പൊതു അവസ്ഥ കേരളത്തിൽ - നിലനിൽക്കുന്ന പ്രശ്നങ്ങൾ | 15 | -do- | |
| 5 | പട്ടികജാതി പ്രൊമോട്ടർമാരുടെ ചുമതല കൾ, പോരായ്മകൾ, പരിഹാരങ്ങൾ | 10 | ” | സ്ലൈഡ് 8,9,10 |
| 6 | ക്രോഡീകരണം സംശയനിവാരണം | 5 | | സ്ലൈഡ് 11 |

**<u>അവതരണകുറിപ്പ്</u>**

പട്ടികജാതിക്കാർ പരമ്പരാഗതമായി അടിച്ചമർത്തപ്പെട്ട വിഭാഗമായതിനാൽ അവരെ പൊതു സമൂഹ ത്തോടൊപ്പം കൊണ്ടു വരുന്നതിന് ഭരണഘടന മാർഗ്ഗദർശികൾ ഭരണഘടനയിൽ അവർക്ക് വേണ്ടി പല പ്രത്യേക വകുപ്പുകൾ കൂടി ചേർത്തിട്ടുണ്ടെന്നും പ്രസ്തുത നിയമങ്ങളും വകുപ്പുകളും പങ്കാളിത്ത

രീതിയിൽ അവതരിപ്പിച്ചുകൊണ്ട് പറയണം. അൺടച്ചബിലിറ്റി ആക്ട് 1957, POA ആക്ട് 1989, റൂൾ 2015 (ഇവയിൽ പട്ടികജാതിക്കാർക്ക് നേരെയുള്ള അവകാശ ലംഘനങ്ങളും പീഡനങ്ങളും എന്തെല്ലാമെന്ന് നിർവ്വചിച്ചിട്ടുള്ളതായും അവക്കുള്ള ശിക്ഷകളും ചേർന്നതാണെന്ന് പറയണം). കൂടാതെ പ്രധാനപ്പെട്ട തുല്യതയെ സംബന്ധിച്ച ആർട്ടിക്കിളും പ്രതിപാദിക്കണം. (സ്ലൈഡ് 2,3,4) ഇവ 10 മിനിറ്റ് സമയം എടുത്തുകൊണ്ട് പങ്കാളിത്ത രീതിയിൽ അവതരിപ്പിക്കണം.

തുടർന്ന് കേരളത്തിൽ 53 പട്ടികജാതി വിഭാഗക്കാർ ഇപ്പോൾ ഉണ്ടെന്നും ആയത് കൈപുസ്തകത്തിന്റെ ഒന്നാം വാള്യത്തിൽ പുറംചട്ടയിൽ നൽകിയിട്ടുണ്ടെന്നും പറയണം. അടുത്തതായി 2009-10 ലെ സ്ഥിതി വിവരകണക്കുകൾ സ്ലൈഡിൽ കാണിച്ചുകൊണ്ട് പൊതു കാര്യങ്ങൾ ഉദ്ധരിക്കണം. ദാരിദ്ര്യവുമായി ബന്ധപ്പെട്ട ഭൂമി, വീട്, മറ്റടിസ്ഥാന സൗകര്യങ്ങളുടെ കാര്യങ്ങളും ചർച്ച ചെയ്യിക്കണം.( സ്ലൈഡ് 5)

ജീവിത നിലവാരം പൊതു സമൂഹവുമായി തട്ടിച്ചു നോക്കുമ്പോൾ പട്ടികവർഗ്ഗത്തേക്കാൾ മെച്ചപ്പെട്ടതാണെന്നും എന്നാൽ മറ്റ് പൊതുവിഭാഗത്തേക്കാൾ താഴെയാണെന്നും സ്ലൈഡ് 6,7 കാണിച്ചുകൊണ്ട് ബോധ്യപ്പെടുത്തണം. വിദ്യാഭ്യാസ ആരോഗ്യ കാര്യങ്ങളിൽ വളരെയധികം പുരോഗതിയുണ്ടെങ്കിലും ഉയർന്ന തൊഴിലുകളിൽ ഇന്നും പ്രാതിനിധ്യം കുറവാണെന്നും സമർത്ഥിക്കണം.

തുടർന്ന് പട്ടികജാതി വിഭാഗങ്ങളുടെ നില മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ വകുപ്പ് സ്കീമുകളും, എസ്.സി പ്രൊമോട്ടർമാരുടെ സവിശേഷപങ്കും ചുമതലകളും പട്ടികജാതി വകുപ്പിന്റെ പ്രസക്തിയും പ്രത്യേക സഹായങ്ങളും പ്രാദേശിക സർക്കാരുകൾക്ക് നൽകുന്ന പ്രത്യേക ഫണ്ട് വിനിയോഗത്തെക്കുറിച്ചും സ്ലൈഡ് 8 കാണിച്ചുകൊണ്ട് പറയണം പട്ടികജാതിക്കാർക്ക് മാത്രമായി വിവിധ കേന്ദ്രസംസ്ഥാനാവിഷ്കൃത പദ്ധതികളുടെ എണ്ണം പറയണം. കൂടാതെ പട്ടികജാതി പ്രൊമോട്ടർമാരുടെ ചുമതലകൾ സ,ഉ(അച്ചടി)86/2010/പജപവവിവ തീയതി 28-7-2010 വിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും പട്ടികജാതിയിൽപ്പെട്ട ഇവർ ഓരോ കുടുംബത്തിന്റേയും പ്രശ്നങ്ങൾ അറിയുന്നവരും പ്രതിവിധി അറിയുന്നവരുമാണെന്നും പറയണം (സ്ലൈഡ് 8). വകുപ്പുകളും പ്രാദേശിക സർക്കാരുമായുള്ള കണക്ടിംഗ് ലിങ്ക് ഇവരാണെന്നും ബോദ്ധ്യപ്പെടുത്തണം. തുടർന്ന് പട്ടികജാതി വികസനത്തിന് തടസ്സമായി നിൽക്കുന്ന കാരണങ്ങളായ ഏകോപനക്കുറവ്, വിവിധ വകുപ്പുകളുടേയും പ്രാദേശിക സർക്കാരുകളുടേയും ഏകോപനക്കുറവും പരിഹാര മാർഗ്ഗങ്ങളും മാർഗ്ഗരേഖയും, സമഗ്ര പദ്ധതിയുമായി ബന്ധപ്പെടുത്തി പറയണം. (സ്ലൈഡ് 8,9). പ്രാദേശിക സർക്കാർ പദ്ധതി തയ്യാറാക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളായ ഇവർക്കുള്ള പങ്ക് വലുതാണെന്നും ബോദ്ധ്യപ്പെടുത്തുകയും ഇവർ എങ്ങനെ ആസൂത്രണത്തിൽ ഇടപെടണമെന്ന് പറഞ്ഞ് മനസ്സിലാക്കുകയും ചെയ്യണം. സർക്കാർ ഉത്തരവ് കോപ്പി ലഭിക്കാത്തവർക്ക് അത് നൽകണം. പ്രാദേശിക പദ്ധതി തയ്യാറാക്കുന്നതിന് ഇവർക്ക് മർമ്മ പ്രധാനമായ പങ്കുണ്ടെന്ന് മറ്റ് പരിശീലനാർത്ഥികളായ പട്ടികജാതി വികസന ഓഫീസർമാരേയും വർക്കിംഗ് ഗ്രൂപ്പ് ഭാരവാഹികളേയും ബോദ്ധ്യപ്പെടുത്തണം. പട്ടികജാതി സമഗ്ര പദ്ധതിയും ഉപപദ്ധതിയും തയ്യാറാക്കുന്നതിൽ വകുപ്പുകൾക്കും നിർണ്ണായകപങ്കുണ്ടെന്നും പ്രാദേശിക സർക്കാരുകളുമായി അവരുടെ സ്കീമുകൾ സംയോജിപ്പിക്കേണ്ടതിന്റേയും ഏകോപിപ്പിക്കേണ്ടതിന്റേയും സമഗ്ര പദ്ധതി തയ്യാറാക്കുന്നതിൽ ഓരോരുത്തരുടേയും പങ്കും ബോധ്യപ്പെടുത്തുകയും വേണം. പദ്ധതി തയ്യാറാക്കൽ അടുത്ത സെഷനിൽ വിശദമായി പ്രതിപാദിക്കുമെന്നും പറയണം.

തുടർന്ന് ക്രോഡീകരണവും സംശയങ്ങൾക്ക് മറുപടിയും 5 മിനിറ്റ് എടുത്തുകൊണ്ട് പറയണം. കൂടുതൽ സംശയങ്ങൾ എഴുതി തരുന്നതിനും പിന്നീട് മറുപടി ലഭ്യമാക്കുമെന്നും പറയണം. പട്ടികജാതി വിഭാഗങ്ങളുടെ കേരളത്തിലെ ഇന്നത്തെ സ്ഥിതിയും അവ പരിഹരിക്കേണ്ടതായ പ്രശ്നങ്ങളും അതിനുള്ള പ്രതിവിധികളും ബോദ്ധ്യപ്പെടുത്തുന്നതിനാണീ സെഷൻ എന്നത് മനസ്സിൽ ഉണ്ടായിരിക്കണം.

# സ്വാഗതം

1

## സെഷൻ 1

പട്ടികജാതിക്കാരുടെ ഇന്നത്തെ സ്ഥിതി വിശേഷം

2

## നിയമങ്ങൾ

- ആർട്ടിക്കിൾ 14 – തുല്യത
- ആർട്ടിക്കിൾ 15 – ജാതി വിവേചനം
- ആർട്ടിക്കിൾ 17 – തൊട്ടുകൂടായ്മ
- ആർട്ടിക്കിൾ 46 – പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് ദുർബല വിഭാഗങ്ങളുടെ സാമ്പത്തിക, വിദ്യാഭ്യാസ ഉന്നതി മെച്ചപ്പെടുത്തുക
- ആർട്ടിക്കിൾ 330 – പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് ലോകസഭയിൽ സീറ്റ് സംവരണം

3

തുടർച്ച

- ആർട്ടിക്കിൾ 332 – നിയമസഭ സീറ്റുകളുടെ സംവരണം.
- ആർട്ടിക്കിൾ 334 –സംവരണങ്ങൾക്ക് 70 വർഷ കാലാവധി
- ആർട്ടിക്കിൾ 338 – ദേശീയ കമ്മീഷൻ
- ആർട്ടിക്കിൾ 340 – മറ്റ് പിന്നോക്ക സമുദായങ്ങളുടെ നിലവാരം നിർണ്ണയിക്കുന്നതിനുള്ള കമ്മീഷൻ
- ആർട്ടിക്കിൾ 341 –പട്ടികജാതി വിഭാഗങ്ങളുടെ ലിസ്റ്റ്
- **Untouchability Act - 1957**
- **POA** നിയമവും ചട്ടവും, 1989, 2015

4

## നിലവിലുള്ള സ്ഥിതി(കില സർവ്വെ 2009-2010)

- വിഭാഗങ്ങൾ -**53**
- സങ്കേതങ്ങൾ- 26198 (ശരാശരി- 21.4 കുടുംബങ്ങൾ)
- ജനസംഖ്യ – 23.52 ലക്ഷം (2011 ലെ- 33,39,573)
- കുടുംബങ്ങൾ –5.64,329 (ശരാശരി കുടുംബ വലിപ്പം –4.21)
- താമസയോഗ്യമല്ലാത്ത വീടുകൾ–45955
- പൂർത്തീകരിക്കാത്ത വീടുകൾ –67911
- കക്കൂസ് ഇല്ലാത്തവർ – 685
- വൈദ്യുതീകരിക്കാത്തവീടുകൾ – 16%
- തൊഴിലുള്ളവർ – 51%
- ഭൂമിയില്ലാത്ത കുടുംബങ്ങൾ –15984
- ബി.പി.എൽ കുടുംബങ്ങൾ – 21.6% (റൂറൽ ഡവലപ്മെന്റ്)
- റേഷൻ കാർഡില്ലാത്തവർ – 15%
- ബി.പി.എൽ കാർഡുള്ളവർ – 65%

5

## വിദ്യാഭ്യാസം

- സെക്കണ്ടറി തലം വരെ പഠിച്ചവർ – 64.77%
- എസ്.എസ്.എൽ.സി ജയിച്ചവർ – 13.44%
- ബിരുദം, ബിരുദം+ – 2.86%
- എഞ്ചിനീയറിംഗ് ബിരുദധാരികൾ – 1306
- മെഡിസിൻ – ബിരുദധാരികൾ–353
- എസ്.എസ്.എൽ.സി വരെ വിദ്യാഭ്യാസം ഉപേക്ഷിച്ചവർ – 38143
- സ്കൂളിൽ ചേരാത്തവർ – 3242
- നിരക്ഷരർ–2,24,909 (12.14%)

6

## ആരോഗ്യം

- ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങൾ –25145
- വ്യക്തികൾ–45672
- മാരകരോഗം ബാധിച്ച കുടുംബങ്ങൾ–60825
- ജനന നിരക്ക് – 14.7
- കുടിവെള്ള ക്ഷാമം നേരിടുന്ന കുടുംബങ്ങൾ – 2,58,602

7

## വികസന പ്രശ്ന കാരണങ്ങൾ

- ഏകോപനമില്ലായ്മ
  - പ്രൊമോട്ടർമാരുമായി
  - ആശാവർക്കർമാരുമായി
  - അങ്കണവാടി വർക്കർമാരുമായി
  - വി.ഇ.ഒ മാരുമായി
  - പ്രാദേശിക സർക്കാർ സംവിധാനങ്ങളുമായി (ഗ്രാമസഭ, അയൽസഭ, എൻ.എച്ച്.ജി)
  - വില്ലേജ് ഓഫീസ്, വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, രജിസ്ട്രാർ ഓഫീസ് മുതലായവയുമായി
  - പൊതുവായ യോഗങ്ങളോ, ചർച്ചയോ, ചുമതലാ വിഭജനമോ ഇല്ലായ്മ

8

## പരിഹാരങ്ങൾ

- വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ ഒത്തു ചേരൽ
- ചുമതലാ വിഭജനം
- പ്രശ്നങ്ങളുടെ ലിസ്റ്റ് കുടുംബതലത്തിൽ
- പരിഹാരം കാണേണ്ട ഏജൻസി, സ്ഥാപനം, വകുപ്പ്, ഉദ്യോഗസ്ഥർ നിശ്ചയിക്കൽ
- പ്രൊമോട്ടർമാർ, ആശാവർക്കർ, വി.ഇ.ഒ, വില്ലേജ് ഓഫീസർ, തദ്ദേശഭരണ സ്ഥാപന മേധാവികൾ എന്നിവർക്ക് പ്രത്യേക പരിശീലനവും കൂടിയിരിപ്പും
- വർക്കിംഗ് ഗ്രൂപ്പിൽ സജീവമായ ഇടപെടൽ
- ദൃശ്യമാധ്യമം വഴിയുള്ള ഉദ്ബോധനം
- കൃത്യമായ യഥാസമയ സേവനം ഉറപ്പു വരുത്തൽ
- പ്രശ്നപരിഹാരങ്ങൾ മാനദണ്ഡമാക്കിയുള്ള മോണിറ്ററിംഗ്
- പ്രാദേശിക സർക്കാർ, വകുപ്പുകൾ ചേർന്നുള്ള സംയോജിത മോണിറ്ററിംഗ്

9

## ചുമതലകൾ

- പ്രൊമോട്ടർ ചുമതലകൾ – സർക്കാർ ഉത്തരവ് 86/2010/പജ, പവവിവ തീയതി 28–7–2010
- വിവിധ വകുപ്പുകളുടെ ക്ഷേമ പദ്ധതികൾ, സേവനങ്ങൾ എന്നിവ സമഗ്രമായി പഠിക്കുക
- വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനായി ഒരു കണക്ടിംഗ് ലിങ്ക് ആയി പ്രവർത്തിക്കുക
- സേവനങ്ങൾ, ക്ഷേമപദ്ധതികൾ ലഭ്യമാക്കുന്നതിനാവശ്യമായ അപേക്ഷാ ഫോറങ്ങൾ, മറ്റ് രേഖകൾ എന്നിവ സമാഹരിച്ച് സൂക്ഷിക്കുക
- ഓരോ എസ്.സി. കുടുംബത്തേയും സംബന്ധിച്ച ഡാറ്റകൾ സൂക്ഷിക്കുക, ബോധവൽക്കരണം നടത്തുക
- പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിലെ സജീവ പങ്കാളിത്തം

10

## പ്രായോഗിക പരിഹാര മാർഗ്ഗങ്ങൾ

- വിവിധ വകുപ്പുകളുടെ ക്ഷേമപദ്ധതികൾ, സേവനങ്ങൾ എന്നിവയെക്കുറിച്ച് സമഗ്രമായി പഠിക്കുക.
- വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനായി ഒരു **'connecting link'** ആയി പ്രവർത്തിക്കുക.
- സേവനങ്ങളും, ക്ഷേമപദ്ധതികളും ലഭ്യമാക്കുന്നതിനാവശ്യമായ അപേക്ഷ ഫോറങ്ങൾ മറ്റ് രേഖകൾ എന്നിവ സമാഹരിച്ച് സൂക്ഷിക്കുക.
- ഓരോ കുടുംബത്തെയും സംബന്ധിച്ച സമഗ്രമായ ഡാറ്റ സൂക്ഷിക്കുക.
- ക്ഷേമപദ്ധതികളെയും, സേവനങ്ങളെയും സംബന്ധിച്ച് കൃത്യമായ ബോധവത്കരണം നടത്തുക.

11

## ക്രോഡീകരണം

## സംശയനിവാരണം

12

# നന്ദി

13

## സെഷൻ – 2

1. വിഷയം — പ്രാദേശികാസൂത്രണവും പട്ടികജാതി ഉപപദ്ധതിയും

2. ലക്ഷ്യങ്ങൾ
   1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ നടപടിക്രമങ്ങളെക്കുറിച്ച് അവബോധം വളർത്തുക
   2. പട്ടികജാതി ഉപപദ്ധതി തയ്യാറാക്കുന്നതിന് പ്രാപ്തരാക്കുക
   3. വിവിധ വകുപ്പ് പദ്ധതികളുമായി പ്രാദേശിക സർക്കാർ പദ്ധതി എങ്ങനെ സംയോജിപ്പിക്കാമെന്ന് പഠിപ്പിക്കുക

3. സമയം — 75 മിനിറ്റ്

4 വേദി — പൊതുവേദി

5. ഉള്ളടക്കം / രീതി

| ക്രമ നം. | ഉള്ളടക്കം | സമയം (മിനിറ്റ്) | പഠന രീതി | ഉപാധി |
|---|---|---|---|---|
| 1 | പ്രാദേശികാസൂത്രണത്തിന്റെ പ്രസക്തിയും ബന്ധപ്പെട്ട വകുപ്പുകളും | 10 | പങ്കാളിത്ത അവതരണം | എൽ.സി.ഡി, ബോർഡ്,ചാർട്ട്, സ്ലൈഡ് 2,3,4 |
| 2 | ആസൂത്രണ നടപടി ക്രമങ്ങൾ, ഗ്രാമസ്വരാജ് ലക്ഷ്യങ്ങൾ | 15 | -do- | സ്ലൈഡ് 5,6 |
| 3 | സമഗ്ര പദ്ധതി തയ്യാറാക്കൽ | 15 | -do- | സ്ലൈഡ് 7 |
| 4 | പട്ടികജാതി ഉപപദ്ധതി തയ്യാറാക്കൽ | 30 | -do- | സ്ലൈഡ് 8 |
| 5 | ക്രോഡീകരണം സംശയനിവാരണം | 5 | | സ്ലൈഡ് 9 |

**<u>അവതരണകുറിപ്പ്</u>**

പ്രാദേശികാസൂത്രണ നടപടിക്രമങ്ങളെ ക്കുറിച്ചുള്ള ധാരണ ഉറപ്പാക്കാനും പട്ടികജാതി ഉപപദ്ധതി തയ്യാറാക്കുന്നതിന് പ്രാപ്തരാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റേയും നഗരസഭയുടേയും പദ്ധതി മേൽത്തട്ട് പദ്ധതിയുമായും വകുപ്പ് സ്കീമുകളുമായും എങ്ങനെ സംയോജിപ്പിക്കാമെന്ന് ബോദ്ധ്യപ്പെടുത്തുകയുമാണ് ഈ സെഷന്റെ ലക്ഷ്യം.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 175 ഉം മുനിസിപ്പൽ ആക്റ്റ് സെക്ഷൻ 51 ഉം ഒരു പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതിയും തയ്യാറാക്കണമെന്ന് പറയുന്നു. ഇതിൻപ്രകാരം വിശദമായ ചട്ടം ഇറക്കാത്തതിനാൽ സർക്കാർ ഇറക്കുന്ന മാർഗ്ഗരേഖ അനുസരിച്ചാണ് നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നത് എന്നും ഇവിടെ വ്യക്തമാക്കണം. കൂടാതെ വികേന്ദ്രീകൃത ആസൂത്രണം പാഴ്ചെലവു ഇല്ലാതാക്കുമെന്നും യഥാർത്ഥ ഗുണഭോക്താവിനെ കണ്ടെത്തി ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുമെന്നും പറയണം. ഗ്രാമസ്വരാജ് ലക്ഷ്യവും ആദർശവും മൊത്തം 10 മിനിറ്റ് എടുത്ത്കൊണ്ട് വ്യക്തമാക്കണം- സ്ലൈഡ് 2 കാണിക്കണം.

തുടർന്ന് ആസൂത്രണ നടപടിക്രമങ്ങളായ അയൽസഭ, വാർഡ് വികസന സമിതി, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റേക്ക്ഹോൾഡർ, ഗ്രാമസഭ, വികസന സെമിനാർ, പ്രോജക്ട് തയ്യാറാക്കൽ, തദ്ദേശഭരണ സ്ഥാപനം അംഗീകാരം, വെറ്റിംഗ്, ഡി.പി.സി. അംഗീകാരം എന്നിവ ഓരോന്നിനെക്കുറിച്ച് 15 മിനിറ്റ് സമയമെടുത്ത് ഹ്രസ്വമായി പ്രതിപാദിക്കണം. (സ്ലൈഡ് 3,4,5,6) ഈ നടപടിക്രമങ്ങളെല്ലാം തന്നെ ആസൂത്രണം ജനകീയമാക്കുന്നതിനും ആവശ്യാധിഷ്ഠിതമാക്കുന്നതിനും ആണെന്നും പറയണം.

തുടർന്ന് എന്താണ് സമഗ്ര പദ്ധതി എന്നത് വിശദീകരിക്കണം. എല്ലാ സർക്കാരുകളും പണം നീക്കി വക്കുന്നതും സ്കീമുകളും പദ്ധതികളും നടപ്പിലാക്കുന്നതും ഒരു ഗ്രാമപഞ്ചായത്തിലേയോ നഗരസഭയിലേയോ ജനങ്ങൾക്ക് വേണ്ടിയാണ്. ആയതിനാൽ വിവിധ വകുപ്പുകളും സർക്കാരുകളും മേൽത്തട്ട് പഞ്ചായത്തുകളും നടപ്പിലാക്കുന്ന വിവിധ സ്കീമുകൾ എന്തെല്ലാമെന്ന് പരസ്പരം അറിയണമെന്നും അതുകൊണ്ട് മേൽപറഞ്ഞ എല്ലാവരും ചേർന്ന് സംയോജിത എകോപിത പദ്ധതി ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കുന്നതാണ് സമഗ്ര പദ്ധതി എന്ന് പറയണം. (സ്ലൈഡ് 7) ആയത് മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നും പറയണം.

തുടർന്ന് പട്ടികജാതി ഫണ്ട് പ്രത്യേകമായാണ് സൂക്ഷിക്കുന്നതെന്നും ആയതിന് മാത്രമായി ഒരു വർക്കിംഗ് ഗ്രൂപ്പ് ഉണ്ടെന്നും ആയതിനാൽ പ്രസ്തുത ഗ്രൂപ്പാണ് പട്ടികജാതിക്കാരുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ഉപപദ്ധതി തയ്യാറാക്കേണ്ടതെന്നും പറയണം. വീട് വീടാന്തരമുള്ള വ്യക്തിഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 50% ഫണ്ട് എങ്കിലും മാറ്റി വക്കണമെന്നും ബാക്കി ഫണ്ട് അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യം, വിദ്യാഭ്യാസം മുതലായവയ്ക്ക് നീക്കിവെക്കണമെന്നും പറയണം. പട്ടികജാതി ഉപപദ്ധതി മറ്റ് വകുപ്പുകൾ, വിവിധ വികസന കോർപ്പറേഷനുകൾ, ബോർഡുകൾ എന്നിവയുടെ പദ്ധതികളുമായി സംയോജിപ്പിച്ചു ഏകോപിപ്പിച്ചു തയ്യാറാക്കി നടപ്പിൽ വരുത്തണമെന്നും ഉദാഹരണങ്ങളിലൂടെയോ 20 മിനിറ്റ് എടുത്തുകൊണ്ട് വിവരിക്കണം (സ്ലൈഡ് 8). ഇവ തയ്യാറാക്കുന്നതിനായി മാർഗ്ഗരേഖയുടെ ഖണ്ഡിക 6 എ അനുബന്ധം 9 എന്നിവ കാണുക. നേരത്തെയുള്ള പട്ടികജാതി പ്രത്യേക പദ്ധതിയാണ് പട്ടികജാതി ഉപപദ്ധതിയായി മാറിയതെന്നും പറയണം.

തുടർന്ന് 5 മിനിറ്റിൽ സംശയ നിവാരണവും ക്രോഡീകരണവും നടത്തണം (സ്ലൈഡ് 9). എല്ലാം പങ്കാളിത്ത അവതരണത്തോടെയായിരിക്കണം അവതരിപ്പിക്കേണ്ടത്. അതേ സമയം തന്നെ സമയ നിഷ്ഠയും പാലിക്കണം.

# സ്വാഗതം



## സെഷൻ 2

## പ്രാദേശികാസൂത്രണവും പട്ടികജാതി ഉപപദ്ധതിയും



## ലക്ഷ്യങ്ങൾ

- ആവശ്യാധിഷ്ഠിതം
- അധികാരം ജനങ്ങൾക്ക്
- മുൻഗണന നിശ്ചയിക്കൽ
- സുതാര്യത
- കാര്യക്ഷമത
- ലക്ഷ്യാധിഷ്ഠിത പ്രവർത്തനങ്ങൾ
- സാമ്പത്തിക വികസനം സാമൂഹ്യനീതി (വകുപ്പ് 175)



- 1/3 ഫണ്ട് താഴെ തട്ടിലേക്ക്
- പ്രാദേശികാസൂത്രണം
- വിവിധ ജനകീയ സംവിധാനങ്ങൾ
- മാസ്റ്റർ പ്ലാൻ
- പഞ്ചവത്സര പദ്ധതികൾ
- വാർഷിക പദ്ധതികൾ
- മാർഗ്ഗരേഖ
- വികസന ഫണ്ട്
- പട്ടികജാതി/പട്ടികവർഗ്ഗ ഫണ്ട്
- ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഫണ്ട്



## ആസൂത്രണം – നടപടിക്രമങ്ങൾ

- അയൽ സഭകൾ, ഊരുകൂട്ടങ്ങൾ
- അയൽകൂട്ടങ്ങൾ – ജനകീയ സംവിധാനങ്ങൾ
- വർക്കിംഗ് ഗ്രൂപ്പുകൾ
- ഗ്രാമസഭകൾ
- സ്റ്റേക്ക് ഹോൾഡർ
- വികസനസെമിനാർ
- പ്രോജക്ട് തയ്യാറാക്കൽ
- ഡിപിസി അംഗീകാരം
- സാങ്കേതികാനുമതി ലഭ്യമാക്കൽ



- ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി
- പട്ടികവർഗ്ഗ ഉപപദ്ധതി
- പട്ടികജാതി ഉപപദ്ധതി
- വയോജന പദ്ധതി
- ശിശുക്കൾ, ഭിന്നശേഷിക്കാർ, വനിതകൾ എന്നിവർക്കുള്ള പ്രത്യേക പദ്ധതി
- ആശ്രയ പദ്ധതി

## സമഗ്ര പദ്ധതി തയ്യാറാക്കൽ

- വകുപ്പുകളുമായുള്ള ചർച്ചകൾ
- എം.പി, എം.എൽ.എ ചർച്ചകൾ
- ബ്ലോക്ക്-ജില്ലാപഞ്ചായത്ത് പദ്ധതികൾ
- ഗ്രാമപഞ്ചായത്ത് പദ്ധതിയുമായുള്ള സമന്വയം
- മോണിറ്ററിംഗ്

7

## പട്ടികജാതി ഉപപദ്ധതി തയ്യാറാക്കൽ

- വീട് വീടാന്തരം ഡാറ്റാ ശേഖരിക്കൽ
- പ്രശ്നങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ അവലോകനം ചെയ്യൽ
- മറ്റ് വർക്കിംഗ് ഗ്രൂപ്പുകളുമായുള്ള ചർച്ച
- ഉപപദ്ധതി തയ്യാറാക്കൽ

8

## സംശയ നിവാരണം

## ക്രോഡീകരണം

9

# നന്ദി

10

# സെഷൻ - 3

**1.** **വിഷയം** : **തൊഴിൽ/സ്വയംതൊഴിൽ**

**2.** **ലക്ഷ്യങ്ങൾ** :

(1) തൊഴിൽ/സ്വയംതൊഴിൽ മേഖലയിൽ പട്ടികജാതി സമൂഹത്തിന്റെ നിലവിലുള്ള സ്ഥിതി അപഗ്രഥിക്കുക

(2) പ്രശ്ന പരിഹാരത്തിന് പട്ടികജാതിക്കാർക്ക് മാത്രമായുള്ളതും, പൊതുവിഭാഗപദ്ധതികളും, പ്രാദേശിക സർക്കാരുകൾ നടപ്പിലാക്കുന്നതുമായ പദ്ധതികളും മനസ്സിലാക്കുന്നു.

(3) കേന്ദ്ര-സംസ്ഥാന പ്രാദേശിക സർക്കാരുകളുടെ പദ്ധതികൾ പഠിതാക്കൾ ഗ്രൂപ്പ് ചർച്ചയിലൂടെ ഗ്രഹിക്കുകയും ആയത് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുവാനുള്ള കഴിവ് പരിശീലനാർത്ഥികളിൽ ഉണ്ടാക്കുക

(4) പ്രശ്നപരിഹാരത്തിലെ നിലവിലുള്ള വിടവുകൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുക.

**3.** **സമയം** : 2 1/2 മണിക്കൂർ

**4.** **വേദി** : പൊതു വേദി

**5.** **ഉള്ളടക്കം/പഠനരീതി:**

| ക്രമ നമ്പർ | ഉള്ളടക്കം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1. | പട്ടികജാതി തൊഴിൽ മേഖലയിൽ ഇന്നത്തെ സ്ഥിതി (പ്രശ്നങ്ങൾ/പോരായ്മകൾ) | 10 | ബ്രെയിൻ സ്റ്റോമിംഗ് | വൈറ്റ്ബോർഡ്/ ചാർട്ട് പേപ്പർ<br>സ്ലൈഡ് 2,3,4,5 |
| 2. | വിവിധ വകുപ്പുകൾ തൊഴിൽ/സ്വയംതൊഴിൽ രംഗത്ത് പട്ടികജാതിക്കാർക്ക് മാത്രം നടപ്പിലാക്കുന്ന പദ്ധതികൾ | 5 | പങ്കാളിത്ത അവതരണം | സ്ലൈഡ് 6 |
| 3. | പട്ടികജാതിക്കാർക്കു കൂടി ബാധകമായ പൊതുവിഭാഗത്തിൽപെട്ട തൊഴിൽ/സ്വയം തൊഴിൽ പദ്ധതികൾ വിവിധ വകുപ്പുകൾ, പ്രാദേശിക സർക്കാരുകൾ മുഖേന നടപ്പിലാക്കുന്നതുമായ പദ്ധതികൾ | 5 | പങ്കാളിത്ത അവതരണം | സ്ലൈഡ് 7 |
| 4. | പട്ടികജാതിക്കാർക്ക് മാത്രമായുള്ള പദ്ധതികൾ, പട്ടികജാതി വകുപ്പ് നടപ്പിലാക്കുന്നതും മറ്റ് വകുപ്പുകൾ നടപ്പിലാക്കുന്നതുമായ പദ്ധതികൾ പരിചയപ്പെടൽ | 45 | ഗ്രൂപ്പ് തിരിഞ്ഞ് വായന, ചർച്ച് | കൈപുസ്തകം വാള്യം 1 & 2 |
| 5 | പൊതുവിഭാഗത്തിൽ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന തൊഴിൽ/സ്വയംതൊഴിൽ പദ്ധതികൾ (പട്ടികജാതിക്കാർക്ക് കൂടി ബാധകമായവ) പരിചയപ്പെടൽ | 50 | ഗ്രൂപ്പ് തിരിഞ്ഞ് വായന, ചർച്ച് | കൈപുസ്തകം വാള്യം 1 & 2 |
| 6 | പ്രാദേശിക സർക്കാരുകൾ വഴി നടപ്പിലാക്കാവുന്ന പദ്ധതികൾ, പട്ടികജാതി വിഭാഗത്തിന് അനുയോജ്യമായതും പദ്ധതി രൂപീക | 25 | ഗ്രൂപ്പ് തിരിഞ്ഞ് വായന, ചർച്ച് | |

| | | | | |
|---|---|---|---|---|
| | രണത്തിന് യോജിച്ചതുമായ പദ്ധതികൾ-പട്ടികജാതി ഉപപദ്ധതി | | | |
| 7 | പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പരിഹരിക്കുന്നതിനുള്ള പരിഹാര നിർദ്ദേശങ്ങൾ - തടസ്സങ്ങൾ പരിഹരിക്കൽ- സർക്കാർ വകുപ്പതല നടപടികൾ | 10 | പങ്കാളിത്ത അവതരണം | സ്ലൈഡ് 6 |
| 8 | സംശയനിവാരണം | | | |

**കുറിപ്പ്**

മുഖ്യധാരാ സമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ തൊഴിൽ/സ്വയം തൊഴിൽ മേഖലയിൽ ആനുപാതികമായ പങ്കാളിത്തം ഈ സമൂഹങ്ങൾക്ക് കുറവാണ്. സർക്കാർ നിയമനങ്ങളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 8% സംവരണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ആനുപാതികമായ പ്രാതിനിധ്യം ഇല്ല . ആയതിന്റെ കാരണങ്ങൾ പഠിതാക്കളെക്കൊണ്ട് പറയിക്കുക. അവ വൈറ്റ് ബോർഡിൽ/ചാർട്ട് പേപ്പറിൽ മലയാളത്തിൽ രേഖപ്പെടുത്തുക. ചർച്ചക്കുള്ള സമയത്ത് ആയതിന് പരിഹാരം നിർദ്ദേശിക്കുക.

**പ്രശ്നങ്ങൾ/കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശകലനം ചെയ്യുക.**

1. കഴിഞ്ഞ സെൻസസ് പ്രകാരം കേരളത്തിൽ സാക്ഷരതാ ശതമാനം 93.92 ആണ്. എന്നാൽ പട്ടികജാതിക്കിടയിൽ 62.7% ആണ്. സാക്ഷരതാശതമാനം കുറയുന്നതിനുള്ള കാരണങ്ങൾ. വിദ്യാഭ്യാസപരമായി പട്ടികജാതിക്കാർ പുറകിലാക്കുന്നതിനുള്ള കാരണങ്ങൾ പഠിതാക്കളെക്കൊണ്ട് തന്നെ പറയിക്കാം. അവ വൈറ്റ് ബോർഡിൽ മലയാളത്തിൽ രേഖപ്പെടുത്തുക. സ്ലൈഡ് 3 ഉപയോഗിച്ച് പ്രശ്നങ്ങൾ/കാരണങ്ങൾ എന്തെല്ലാമെന്ന് വിശകലനം ചെയ്യുക ( സ്ലൈഡ്.3.4.5)

2. പട്ടികജാതി വികസന വകുപ്പ് തൊഴിൽ-സ്വയം തൊഴിൽ വികസനത്തിനായി 19 പദ്ധതികൾ നടപ്പാക്കുന്നുണ്ടെന്നും അവ വിശദമായി കൈപ്പുസ്തകത്തിന്റെ 2 അദ്ധ്യായത്തിന്റെ വായനയിലൂടെയും ഗ്രൂപ്പ് ചർച്ചയിലൂടെയും മനസ്സിലാക്കാമെന്നും പറയുക (സ്ലൈഡ് 6). മറ്റ് വകുപ്പുകൾ ഈ വിഭാഗത്തിൽ വികസനത്തിനായി 65 പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

3. പൊതുവിഭാഗങ്ങൾക്ക് വേണ്ടി നടപ്പിലാക്കുന്ന എല്ലാ വകുപ്പ് പ്രാദേശിക സർക്കാർ തൊഴിൽ-സ്വയം തൊഴിൽ പദ്ധതികളും പട്ടികജാതിക്കാർക്കും ബാധകമാണെന്ന് ബോദ്ധ്യപ്പെടുത്തുക സ്ലൈഡ് 7 പ്രദർശിപ്പിക്കുക. ഈ പദ്ധതികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ കൈപ്പുസ്തകം ആറാം അദ്ധ്യായം വായനയിലൂടെയും ഗ്രൂപ്പ് ചർച്ചയിലൂടെയും മനസ്സിലാക്കാമെന്ന് പറയുക (സ്ലൈഡ് 7)

4. ഗ്രൂപ്പ് ചർച്ച ആരംഭിക്കുന്നതിന് മുമ്പായി ഗ്രൂപ്പിൽ നിന്നും ഒരാളെ ഫെസിലിറ്റേറ്ററായും ഒരാളെ റിപ്പോർട്ടറായും തെരഞ്ഞെടുക്കണം. ചർച്ചയിൽ ഉരുത്തിരിയുന്ന സംശയങ്ങൾ ഫെസിലിറ്റേറ്റർ പരിഹരിക്കുക. പരിഹരിക്കാനാവാത്ത സംശയങ്ങൾ എഴുതി സെഷന്റെ അവസാനം സംശയപ്പെട്ടിയിലിടുകയും ഫാക്കൽറ്റിക്ക് കൈമാറുകയും ആയത് പരിശീലനത്തിന്റെ അവസാനഘട്ടത്തിൽ മറുപടി നൽകുന്നതാണ് എന്നറിയിക്കുക. ഗ്രൂപ്പിലെ ഓരോരുത്തരായി കൈപ്പുസ്തകത്തിന്റെ ബന്ധപ്പെട്ട ഓരോ സ്കീമും മാറി മാറി വായിച്ച് ചർച്ച ചെയ്യണം ചർച്ച ഒരാളിൽ കേന്ദ്രീക്കരിക്കാതെ എല്ലാവർക്കും അവസരം ലഭിക്കുന്നുവെന്ന് ഫെസിലിറ്റേറ്റർ ഉറപ്പ് വരുത്തേണ്ടതാണ്. പരിഹാരങ്ങൾ (സ്ലൈഡ് 8) കാണിച്ചുകൊണ്ട് ഉദാഹരണ സഹിതം വിശദമാക്കണം.

# സ്വാഗതം

1

## സെഷൻ 3

പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള തൊഴിൽ/ സ്വയംതൊഴിൽ പദ്ധതികൾ

2

## പട്ടികജാതിസമൂഹത്തിന്റെ തൊഴിൽപരമായ പിന്നോക്കാവസ്ഥയുടെ കാരണങ്ങൾ

- സാങ്കേതിക/ഉന്നത വിദ്യാഭ്യാസത്തിന്റെ കുറവ്
- പുറംലോകവുമായ പൊരുത്തപ്പെടാനുള്ള ശേഷിക്കുറവ്
- മൂലധനത്തിന്റെ അഭാവം
- ആധുനിക സാങ്കേതിക, ശാസ്ത്രങ്ങളുടെ ഗുണത്തെക്കുറിച്ചുള്ള അറിവില്ലായ്മ
- വിപണന സൗകര്യങ്ങളുടെ അപര്യാപ്തത
- പരമ്പരാഗത ജീവിതശൈലിയും തൊഴിലും
- മദ്ധ്യവർത്തികളുടെ സാന്നിദ്ധ്യം
- ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത
- പൊതുവിഭാഗം അനുഭവിക്കുന്ന സൗകര്യങ്ങളെക്കുറിച്ച് അറിവില്ലായ്മ

3

## പട്ടികജാതിസമൂഹത്തിന്റെ തൊഴിൽ പരമായ പ്രശ്നങ്ങൾ

പരമ്പരാഗത തൊഴിലിൽ നിന്നുള്ള വരുമാനക്കുറവ്

- തൊഴിലില്ലായ്മ–
  - സംഘാടന/വൈഭവത്തിന്റെ കുറവ്
  - വൈദഗ്ധ്യ/പരിചയകുറവ്
  - പുതിയ സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള അറിവില്ലായ്മ
- തൊഴിൽപരമായ വിദ്യാഭ്യാസത്തിന്റെ കുറവ്
- സാമ്പത്തിക പരാധീനത

4

## ഭരണപരമായ കാരണങ്ങൾ

- പ്രാദേശിക സർക്കാരുകളുടെ ഇടപെടൽ കുറവ്
- കേന്ദ്ര,സംസ്ഥാന,പ്രാദേശിക സർക്കാർ, വിവിധ ഏജൻസികൾ എന്നിവയുടെ പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ
- അവകാശങ്ങളെക്കുറിച്ചുള്ള അജ്ഞത
- വിലപേശാനുള്ള കഴിവുകുറവ്
- സർക്കാർ സംവിധാനങ്ങൾ എത്തായ്ക

5

## പട്ടികജാതിക്കാർക്ക് മാത്രം ഉള്ള പദ്ധതികൾ

- വകുപ്പുകൾ 11
- പദ്ധതികൾ 84
- പ്രാദേശിക സർക്കാർ പദ്ധതികൾ – 35

ഗ്രൂപ്പ് തിരിഞ്ഞ് വായന/ചർച്ച

6

## പട്ടികജാതി പൊതുപദ്ധതികൾ

- വകുപ്പുകൾ 18
- പദ്ധതികൾ 101
- പ്രാദേശിക സർക്കാർ – 21 പദ്ധതികൾ

7

## പരിഹാരങ്ങൾ

- ഉന്നത തൊഴിൽ നേടേണ്ട ആവശ്യകത ബോധ്യപ്പെടാൻ അവരുടെയിടയിൽ നിന്നുള്ള മാതൃകകളെ ഉദാഹരിക്കൽ
- മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനങ്ങൾ
- തടസ്സങ്ങൾ നീക്കുന്നതിന് സർക്കാർ തലത്തിലുള്ള നയപരമായ തീരുമാനങ്ങൾ
- വിവിധ വകുപ്പുകളുടെ ഏകോപനം
- വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, എസ്സ്.സി പ്രൊമോട്ടർ എന്നിവരെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, മാസാന്തര അവലോകനം

8

## ക്രോഡീകരണം

## സംശയനിവാരണം

9

# നന്ദി

10

## സെഷൻ - 4

1. വിഷയം : **ആരോഗ്യം**

2. ലക്ഷ്യങ്ങൾ :
   - ആരോഗ്യരംഗത്ത് പട്ടികജാതി വിഭാഗങ്ങളുടെ ഇന്നത്തെ അവസ്ഥ എന്തെന്ന് ബോധ്യപ്പെടുത്തുക
   - പ്രശ്നപരിഹാരത്തിനായി പട്ടികജാതിക്കാർക്ക് വേണ്ടി പട്ടികജാതി വികസനവകുപ്പും മറ്റ് സർക്കാർ വകുപ്പുകളും പ്രാദേശിക സർക്കാരുകളും നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് പഠിതാക്കളിൽ അവബോധം സൃഷ്ടിക്കുക
   - പൊതുവിഭാഗത്തിൽപ്പെട്ട ആരോഗ്യ പദ്ധതികൾ പട്ടികജാതിവിഭാഗങ്ങൾക്ക് പ്രയോജനപ്പെടുത്താം. വിവിധ സർക്കാർവകുപ്പുകൾ/തദ്ദേശസർക്കാരുകൾ വഴി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് കണ്ടെത്തുക.

3. സമയം: : 120 മിനിറ്റ്

4 വേദി: : പൊതുവേദി

5. **ഉള്ളടക്കവും പഠനരീതിയും :**

| **ക്രമ നം** | **ഉള്ളടക്കം** | **സമയം (മിനിറ്റ്)** | **പഠനരീതി** | **ഉപാധികൾ** |
|---|---|---|---|---|
| 1. | പട്ടികജാതി വിഭാഗങ്ങളിൽ ആരോഗ്യരംഗത്ത് നിലവിലെ സ്ഥിതി അപഗ്രഥിക്കുക. പോരായ്മകൾ, പ്രശ്നങ്ങൾ, കാരണങ്ങൾ കണ്ടെത്തുക | 5 | ബ്രെയിൻ സ്റ്റോമിംഗ് | സ്ലൈഡ് 2, 3,4 |
| 2. | പ്രശ്നപരിഹാരത്തിനായി ആരോഗ്യ രംഗത്ത് പട്ടികജാതിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ പട്ടികജാതിക്കാർക്കായി മാത്രമുള്ള പദ്ധതികൾ- മറ്റ് വകുപ്പുകൾ /തദ്ദേശ സർക്കാറുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം? | 5 | പങ്കാളിത്ത അവതരണം | സ്ലൈഡ് 5 |
| 3. | പട്ടികജാതിവിഭാഗങ്ങൾക്ക് കൂടി ബാധകമായ പൊതുവിഭാഗത്തിൽപ്പെട്ട ആരോഗ്യപദ്ധതികൾ | 7 | പങ്കാളിത്ത അവതരണം | സ്ലൈഡ് 6 |
| 4. | ഗ്രൂപ്പ് തിരിയൽ | 3 | | സൗകര്യമുള്ള ഹാൾ |
| 5. | പട്ടികജാതിക്കാർക്ക് മാത്രമായുള്ള ആരോഗ്യപദ്ധതികൾ- പട്ടികജാതി വികസന വകുപ്പ് മറ്റ് സർക്കാർ വകുപ്പുകൾ /തദ്ദേശസർക്കാറുകൾ വഴി നടപ്പിലാക്കുന്നവ പരിചയപ്പെടൽ | 90 | ഗ്രൂപ്പിൽ ചർച്ച | |

| | | | | |
|---|---|---|---|---|
| | പൊതുവിഭാഗത്തിൽ വിവിധ സർക്കാർ വകുപ്പുകൾ/തദ്ദേശസർക്കാറുകൾ വഴി നട പ്പിലാക്കുന്ന പദ്ധതികൾ പട്ടികജാതി ക്കാർക്ക് ബാധകമായവ പരിചയപ്പെടൽ | | | |
| 6. | പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ, കാരണങ്ങൾ പ്രതിവിധികൾ | 8 | | സ്ലൈഡ് 7 |
| 7. | സംശയനിവാരണം, ക്രോഡീകരണം | 2 | | |

**അവതരണക്കുറിപ്പ്**

1. ആരോഗ്യരംഗത്ത് പട്ടികജാതി വിഭാഗങ്ങളിൽ ഇന്നത്തെസ്ഥിതി, പ്രശ്നങ്ങൾ എന്നിവ പഠിതാക്കളെ ക്കൊണ്ട് പറയിപ്പിക്കുക. ആയത് ബോർഡിൽ രേഖപ്പെടുത്തുക തുടർന്ന് പട്ടികജാതി വിഭാഗങ്ങളുടെ ആരോഗ്യരംഗത്തെ ഇന്നത്തെ അവസ്ഥ സ്ഥിതി വിവരകണക്കുകൾ സഹിതം ഫാക്കൽറ്റി വിവരിക്കുക

2. പട്ടികജാതിവിഭാഗത്തിന് മാത്രമായി ആരോഗ്യരംഗത്ത് വിവിധ സർക്കാർ വകുപ്പുകൾ/തദ്ദേശസർക്കാറുകൾ വഴി 2 പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ആയത് വിശദമായി കൈപുസ്തകത്തിന്റെ സഹായത്തോടെ ഗ്രൂപ്പ് ചർച്ചയിൽ മനസ്സിലാക്കാമെന്ന് പറയുക.

3. പൊതുവിഭാഗത്തിൽ വിവിധ സർക്കാർവകുപ്പുകൾ/തദ്ദേശസർക്കാർ വഴിയുള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ടെന്നും ആയത് പട്ടിക ജാതി വിഭാഗത്തിന് ബാധകമാണെന്നും സ്ലൈഡ് 6 ന്റെ സഹായത്തോടെ ഉദാഹരണസഹിതം വിശദമാക്കുക.

4. ഗ്രൂപ്പ് ചർച്ച ആരംഭിക്കുന്നതിന് മുമ്പായി ഗ്രൂപ്പിൽ നിന്നും ഒരാളെ ലീഡറായും മറ്റൊരാളെ റിപ്പോർട്ടറായും തെരഞ്ഞെടുക്കണമെന്നും ലീഡറുടെ നേതൃത്വത്തിൽ ഗ്രൂപ്പിലുള്ള എല്ലാവരും പുസ്തകത്തിലെ സ്കീമുകൾ ഓരോരുത്തരായി മാറി മാറി വായിച്ച് ചർച്ച ചെയ്യണമെന്നും പറയണം. സംശയങ്ങൾ പരസ്പരം പരിഹരിക്കാൻ കഴിയാത്തത് ഗ്രൂപ്പിൽ സന്നിഹിതരായിട്ടുള്ള ഫാക്കൽറ്റി ദൂരീകരിക്കുന്നതും ഫാക്കൽറ്റിക്ക് ദൂരീകരിക്കാൻ കഴിയാത്ത സംശയങ്ങൾ എഴുതി ഹാളിൽ സ്ഥാപിച്ചിട്ടുള്ള സംശയപെട്ടിയിൽ നിക്ഷേപിക്കുകയോ , ഫാക്കൽറ്റിവശം നൽകുകയോ ചെയ്യണം. കോഴ്സ് അവസാനിക്കുന്നതിന് മുമ്പായി മറുപടി നല്കാമെന്നും പറയണം.

5. തുടർന്ന് ഗ്രൂപ്പ് റിപ്പോർട്ടുകൾ ഫാക്കൽറ്റി സമാഹരിച്ച് ക്രോഡീകരണം നടത്തണം..

## സെഷൻ–4

## ആരോഗ്യം

1

## പ്രശ്നങ്ങൾ

- രോഗങ്ങളുടെ ആധിക്യം വരുമാനത്തെ ബാധിക്കുന്നു.
- യഥാസമയം ചികിത്സ ലഭ്യമല്ലാത്ത അവസ്ഥ
- അവബോധം ഇല്ലായ്മ
- ശുചിത്വക്കുറവ്
- ശിശുമരണം
- വിളർച്ച, ആരോഗ്യക്കുറവ്
- പകർച്ചവ്യാധികളുടെ ആധിക്യം
- പാരമ്പര്യരോഗങ്ങൾ
- സാമൂഹ്യ തിന്മകൾ

2

## കാരണങ്ങൾ

- ആരോഗ്യസ്ഥാപനങ്ങളുടെ കുറവ്
- പരമ്പരാഗത ചികിത്സാരീതിയോടുള്ള വിശ്വാസം
- ആധുനികചികിത്സാരീതിയോടുള്ള വിമുഖത/സ്വയം ചികിത്സ
- പരമ്പരാഗത വിശ്വാസങ്ങൾ
- അറിവില്ലായ്മ
- ശൈശവ വിവാഹങ്ങൾ/വംശീയവിവാഹങ്ങൾ
- പ്രസവത്തിന് മുമ്പും ശേഷമുള്ള പരിരക്ഷക്കുറവ്

3

## ഭരണപരമായ കാരണങ്ങൾ

- സർക്കാർ സംവിധാനം യഥാസമയം എത്തായ്ക
- പ്രാദേശിക സർക്കാരുകളുടെ ഇടപെടലുകളുടെ കുറവ്
- സന്നദ്ധപ്രവർത്തകരുടെ ഇടപെടലുകളുടെ കുറവ്
- കുടുംബശ്രീ/അയൽക്കൂട്ടസംവിധാനങ്ങളുടെ പ്രവർത്തനക്ഷമതക്കുറവ്
- നിലവിലുള്ള സംവിധാനത്തിന്റെ പരിമിതികളും കാര്യക്ഷമതക്കുറവും അറിവ് കുറവും

4

## പ്രശ്നപരിഹാരത്തിനായി നടപ്പാക്കുന്ന പദ്ധതികൾ

- പട്ടികജാതി വിഭാഗങ്ങൾക്കായി പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന ഒരു പദ്ധതി
- മറ്റ് സർക്കാർ വകുപ്പുകൾ/തദ്ദേശസർക്കാർ വഴി നടപ്പാക്കുന്ന ഒരു പദ്ധതി

5

## പട്ടിക ജാതി വിഭാഗങ്ങൾക്കും ബാധകമായ വിവിധ സർക്കാർ വകുപ്പുകൾ/തദ്ദേശസ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന പൊതു പദ്ധതികൾ 90 എണ്ണം

- **അലോപ്പതി–** പകർച്ച വ്യാധികളുടെ നിയന്ത്രണവും പ്രതിരോധവും പാവപ്പെട്ട രോഗികൾക്കുള്ള ചികിത്സാധനസഹായം തുടങ്ങിയവ
- **ഹോമിയോ–**സീതാലയം, സദ്ഗമയ
- **ആയുർവ്വേദം–** ജീവനി, പുനർന്നവ
- **സാമൂഹ്യനീതിവകുപ്പ്–** ശിശുവികസനം, ആശ്വാസകിരണം

6

## ആവശ്യമായ നയവ്യതിയാനങ്ങൾ

- തടസ്സങ്ങൾ നീക്കുന്നതിന് സർക്കാർതലത്തിലുള്ള നയപരമായ തീരുമാനങ്ങൾ
- വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനം
- പട്ടികജാതി പ്രമോട്ടർമാർ, ആശാവർക്കർ എന്നിവരെ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾ–മാസാന്തര അവലോകനം
- ശുചിത്വ സമിതികൾ, ക്ലബ്ബുകൾ എന്നിവക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏൽപ്പിച്ചു കൊടുക്കൽ

7

## ക്രോഡീകരണം

## സംശയനിവാരണം

8

# നന്ദി

9

## സെഷൻ – 5

1. വിഷയം — പട്ടികജാതി വികസനം - പ്രായോഗിക തലത്തിൽ നേരിടുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ, പരിഹാരങ്ങൾ

2. ലക്ഷ്യങ്ങൾ
   1. പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ ഇന്ന് നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും അവയുടെ പരിഹാരങ്ങളും ചർച്ചയിലൂടെ കണ്ടെത്തുക.
   2. പരസ്പരം അനുഭവങ്ങൾ ഷെയർ ചെയ്യുക. നല്ല മോഡലുകൾ ബാക്കിയുള്ളവർക്ക് പകർന്ന് കൊടുക്കുക
   3. പരിഹാരത്തിന് ഇടപെടേണ്ടവർ ആരെന്ന് കണ്ടെത്തുക. സമീപനത്തിലും നയത്തിലും നിയമത്തിലും വരുത്തേണ്ട മാറ്റങ്ങൾ അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരിക.

3. സമയം — 60 മിനിറ്റ്

4 വേദി — പൊതു വേദി

5. ഉള്ളടക്കം / രീതി

| ക്രമ നം. | ഉള്ളടക്കം | സമയം (മിനിറ്റ്) | പഠന രീതി | ഉപാധി |
|---|---|---|---|---|
| 1 | പട്ടികജാതി വികസനത്തിൽ ഇന്ന് നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാം | 5 | പങ്കാളിത്ത അവതരണം | സ്ലൈഡ് |
| 2 | ഗ്രൂപ്പ് തിരിയൽ - ചർച്ച, പ്രൊഫോർമ ഫിൽ ചെയ്യൽ | 45 | ഗ്രൂപ്പ് ചർച്ച | - |
| 3 | ഗ്രൂപ്പിൽ അവതരണം, ക്രോഡീകരണം | 10 | | - |

**<u>അവതരണകുറിപ്പ്</u>**

ഈ സെഷൻ പട്ടികജാതി വികസനത്തിന് തടസ്സമായി നിൽക്കുന്ന അനുഭവങ്ങൾ പങ്കു വെക്കുന്നതിനും, തടസ്സങ്ങൾ നീക്കുന്നതിനുള്ള പ്രതിവിധികളും, സമീപനത്തിലും നയത്തിലും വരുത്തേണ്ട മാറ്റങ്ങളും ചർച്ച ചെയ്യുന്നതിന് വേണ്ടിയുള്ളതാണ്. എന്നാൽ തന്നെയും വെല്ലുവിളികളെ തരണം ചെയ്ത് നല്ല മാതൃകപരമായ പ്രവർത്തനം കാഴ്ച വെച്ച പ്രൊമോട്ടർമാരും ഓഫീസർമാരും തദ്ദേശഭരണ സ്ഥാപനങ്ങളും ഉണ്ടാകും. പരിഹരിക്കാൻ പറ്റില്ലെന്ന് ഭൂരിപക്ഷവും വിധിച്ചിട്ടുള്ളത് പരിഹരിച്ചവരും കൂട്ടത്തിലുണ്ടാകും. അവർ അതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ ഇവിടെ ഷെയർ ചെയ്യിക്കണം. ആയതിനാൽ

ഫാക്കൽട്ടി തുടക്കത്തിൽ തന്നെ ഈ സെഷന്റെ ആവശ്യകതയെക്കുറിച്ച് 5 മിനിറ്റെടുത്ത് സംസാരിക്കുകയും സ്ലൈഡ് കാണിച്ച് ഇന്നു നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിശീലനാർത്ഥികളുമായി പങ്ക് വെച്ചവതരിപ്പിക്കണം.സ്ലൈഡിന് പുറമെയുള്ള പ്രശ്നങ്ങളും ബോർഡിൽ പങ്കാളിത്ത അവതരണത്തോടെ രേഖപ്പെടുത്താം.

തുടർന്ന് നേരത്തെ തിരിഞ്ഞ രീതിയിൽ ഗ്രൂപ്പുകൾ തിരിയാം. ഒന്നു വീതം ഫാക്കൽട്ടി ഓരോ ഗ്രൂപ്പിലും ഉണ്ടായിരിക്കണം. ഗ്രൂപ്പിൽ നിന്നും ഒരാളെ അദ്ധ്യക്ഷനായും, ഒരാളെ ഗ്രൂപ്പിൽ ആദ്യം നൽകിയ പ്രൊഫോർമ ഫിൽ ചെയ്ത് അവസാനം അവതരിപ്പിക്കുന്നതിനും ചുമതലപ്പെടുത്തണം. എല്ലാവർക്കും അവസരം നൽകണം. നല്ല മാതൃകകൾ കാഴ്ച വെച്ചവർക്ക് ആയത് വിശദമായി എഴുതി പിന്നീട് നൽകാവുന്നതാണെന്നും പറയണം. ഗ്രൂപ്പിൽ നിന്ന് വരുന്ന പരിഹാര നിർദ്ദേശങ്ങൾ എല്ലാം തന്നെ പട്ടികജാതി വികസനം സാർത്ഥകമാക്കുന്നതിന് ഉപകരിക്കുമെന്നതിനാൽ ഇതിന്മേൽ കില റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ടവർക്ക് അയച്ചു കൊടുക്കുന്നതാണെന്നു പറയണം. 45 മിനിറ്റ് കൊണ്ട് ഗ്രൂപ്പ് ചർച്ച അവസാനിപ്പിക്കാവുന്നതാണ്.

തുടർന്ന് ഫാക്കൽറ്റി പൂരിപ്പിച്ച പ്രൊഫോർമകൾ ഗ്രൂപ്പിൽ നിന്നും അവതരണത്തിന് ശേഷം ഏറ്റ് വാങ്ങി ക്രോഡീകരിച്ച് പറയണം. (10 മി).

ഫോറം- 1

| ക്രമ നം | ഫീൽഡ്തല പ്രശ്നങ്ങൾ/ വെല്ലുവിളികൾ | പരിഹാരം എങ്ങനെ (സ്കീം/പ്രവൃത്തി വഴി) | പരിഹാരം മേൽത്തട്ട് വഴി/പരിഹാരം ഇല്ലാത്തവ | നിർദ്ദേശങ്ങൾ/ അഭിപ്രായങ്ങൾ എടുക്കേണ്ട നടപടികൾ |
|---|---|---|---|---|
| | | | | |

# സ്വാഗതം

1

## സെഷൻ 5

പട്ടികജാതി വികസനം – വെല്ലുവിളികൾ

2

- സാമൂഹ്യതിന്മകൾ പരിഹരിക്കൽ
- സമ്പാദ്യശീലം വളർത്തൽ
- അടിസ്ഥാന സൗകര്യങ്ങൾ
- എല്ലാവർക്കും സ്വയം തൊഴിൽ/തൊഴിൽ
- ഉയർന്ന വിദ്യാഭ്യാസം നൽകൽ
- രോഗാതുരത കുറക്കൽ
- ആശ്രയാ വിഭാഗത്തെ ശാക്തീകരിക്കൽ
- എല്ലാ മേഖലകളിലും സാക്ഷരത
- അവബോധം വളർത്തൽ

3

## ഫോറം 1

| ക്രമ നം | ഫീൽഡ്തല പ്രശ്നങ്ങൾ/ വെല്ലുവിളികൾ | പരിഹാരം എങ്ങനെ (സ്കീം/പ്രവൃത്തി വഴി) | പരിഹാരം മേൽത്തട്ട് വഴി/പരിഹാരം ഇല്ലാത്തവ | നിർ±ശങ്ങൾ/ അഭിപ്രായങ്ങൾ/ എടുക്കേണ്ട നടപടികൾ |
|---|---|---|---|---|
| | | | | |

4

# നന്ദി

5

## സെഷൻ - 6

1. **വിഷയം :** **വിദ്യാഭ്യാസം**
2. **ലക്ഷ്യം :**
   - വിദ്യാഭ്യാസ രംഗത്ത് പട്ടികജാതിക്കാരുടെ ഇന്നത്തെ സ്ഥിതി എന്തെല്ലാമെന്ന് പ്രവർത്തകരെ ബോധ്യപ്പെടുത്തുക
   - പ്രശ്നപരിഹാരത്തിനായി പട്ടികജാതിക്കാർക്ക് വേണ്ടി പട്ടികജാതി വികസനവകുപ്പും മറ്റ് സർക്കാർ വകുപ്പുകളും പ്രാദേശിക സർക്കാരുകളും നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് പഠിതാക്കളിൽ അവബോധം സൃഷ്ടിക്കുക
   - മേൽപ്പറഞ്ഞ പദ്ധതികൾ ഉപയോഗിച്ച് എങ്ങനെ പ്രശ്നപരിഹാരം സാദ്ധ്യമാക്കാമെന്ന് പഠിതാവ് ഗ്രഹിക്കുകയും ആയത് പട്ടികജാതിക്കാർക്ക് ലഭ്യമാക്കാനുള്ള കഴിവ് ആർജ്ജിക്കുകയും ചെയ്യുക.
   - വിടവുകൾ കണ്ടെത്തി പരിഹാരം രൂപപ്പെടുത്തുക.
3. **സമയം** : 120 മിനിറ്റ്
4. **വേദി** : പൊതുവേദി
5. **ഉള്ളടക്കവും പഠനരീതിയും :**

| ക്രമ നം | ഉള്ളടക്കം | സമയം (മിനിറ്റ്) | പഠനരീതി | ഉപാധികൾ |
|---|---|---|---|---|
| 1. | പട്ടിക ജാതി വിഭാഗങ്ങളുടെ വിദ്യാഭ്യാസ രംഗത്ത് ഇന്നുള്ള പോരായ്മകൾ | 5 | ബ്രെയിൻ സ്റ്റോമിംഗ് | വൈറ്റ് ബോർഡ്, സ്ലൈഡ് 2, 3, 4, 5, 6,7 |
| 2. | വിദ്യാഭ്യാസരംഗത്ത് പട്ടിക ജാതിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ പട്ടികജാതിക്കാർക്കായി മാത്രമുള്ള പദ്ധതികൾ- മറ്റ് വകുപ്പുകൾ നടപ്പിലാക്കുന്നവ | 3 | പങ്കാളിത്ത അവതരണം | പവർപോയിന്റ്, സ്ലൈഡ് 8 |
| 3. | പൊതുവിഭാഗത്തിൽപ്പെട്ട വിദ്യാഭ്യാസ പദ്ധതികളും പട്ടികജാതിക്കാർക്ക് വേണ്ടി ഉപയോഗിക്കാവുന്നതാണ്. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്നതും പട്ടികവർഗ്ഗക്കാർക്ക് ലഭ്യമാക്കാവുന്നതുമായ പദ്ധതികൾ | 5 | പങ്കാളിത്ത അവതരണം | സ്ലൈഡ് 9,10 |
| 4. | ഗ്രൂപ്പ് തിരിയൽ | 2 | അവതരണം | |
| 5. | പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പദ്ധതികൾ- പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്നതും മറ്റ് വകുപ്പുകൾ, പ്രാദേശികസർക്കാരുകൾ നടപ്പിലാക്കുന്നതും | 45 | ഗ്രൂപ്പിൽ വായിച്ച് ചർച്ച ചെയ്യുന്നു | കൈപ്പുസ്തകം അദ്ധ്യായം 4 |
| 6. | പൊതുവിഭാഗത്തിൽ വിവിധ വകുപ്പുകൾ, തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വിദ്യാഭ്യാസപ്രവർത്തനങ്ങൾ- പട്ടികജാതിക്കാർക്ക് പ്രയോജനപ്പെടുത്താവുന്നവ | 55 | ഗ്രൂപ്പിൽ വായിച്ച് ചർച്ച ചെയ്യുന്നു | കൈപ്പുസ്തകം അദ്ധ്യായം 8 |
| 7. | സംശയനിവാരണം | 5 | | |

**അവതരണക്കുറിപ്പ്**

1. കഴിഞ്ഞ സെൻസസ് പ്രകാരം കേരളത്തിൽ സാക്ഷരതാ ശതമാനം 93.92 ആണ്. എന്നാൽ പട്ടികജാതിക്കാർക്കിടയിൽ 62.7% ആണ്. സാക്ഷരതാശതമാനം കുറയുന്നതിനുള്ള കാരണങ്ങൾ. വിദ്യാഭ്യാസപര

മായി പട്ടികജാതിക്കാർ പുറകിലാകുന്നതിനുള്ള കാരണങ്ങൾ പഠിതാക്കളെക്കൊണ്ട് തന്നെ പറയിക്കാം. അവ വൈറ്റ് ബോർഡിൽ മലയാളത്തിൽ രേഖപ്പെടുത്തുക. സ്ലൈഡുകൾ ഉപയോഗിച്ച് പ്രശ്നങ്ങൾ /കാരണങ്ങൾ എന്തെല്ലാമെന്ന് വിശകലനം ചെയ്യുക (സ്ലൈഡ് 2, 3, 4, 5, 6, 7)

2. പട്ടികജാതി വികസന വകുപ്പ് വിദ്യാഭ്യാസ വികസനത്തിനായി 36 പദ്ധതികളും മറ്റ് വകുപ്പുകൾ പട്ടിക ജാതിക്കാരുടെ മാത്രം വിദ്യാഭ്യാസ വികസനത്തിനായി 21 പദ്ധതികളും നടപ്പിലാക്കുന്നുണ്ടെന്നും അവ വിശദമായി കൈപ്പുസ്തകത്തിന്റെ 4-ാം അദ്ധ്യായം വായനയിലൂടെയും ഗ്രൂപ്പ് ചർച്ചയിലൂടെയും മനസ്സി ലാക്കാമെന്നും പറയുക (സ്ലൈഡ് 8)

3. പൊതുവിഭാഗങ്ങൾക്ക് വേണ്ടി നടപ്പിലാക്കുന്ന എല്ലാ വിദ്യാഭ്യാസ പദ്ധതികളും പട്ടികജാതിക്കാർക്കും ബാധകമാണെന്ന് ബോദ്ധ്യപ്പെടുത്തുക സ്ലൈഡ് 9,10 പ്രദർശിപ്പിക്കുക. ഈ പദ്ധതികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ കൈപ്പുസ്തകങ്ങൾ എട്ടാം അദ്ധ്യായം വായനയിലൂടെയും ഗ്രൂപ്പ് ചർച്ചയിലൂടെയും മനസ്സിലാക്കാമെന്ന് പറയുക.

4. ചർച്ചയിൽ ഉരുത്തിരിയുന്ന സംശയങ്ങൾ ഫെസിലിറ്റേറ്റർ പരിഹരിക്കുക. പരിഹരിക്കാനാവാത്ത സംശ യങ്ങൾ എഴുതി സെഷന്റെ അവസാനം സംശയപ്പെട്ടിയിലിടുകയോ ഫാക്കൽറ്റിക്ക് കൈമാറുകയോ ചെയ്യേണ്ടതാണെന്നും ആയത് പരിശീലനത്തിന്റെ അവസാനഘട്ടത്തിൽ മറുപടി നൽകുന്നതുമാണ് എന്നു അറിയിക്കുക. ഗ്രൂപ്പിലെ ഓരോരുത്തരായി കൈപ്പുസ്തകത്തിന്റെ ബന്ധപ്പെട്ട ഓരോ സ്കീമും മാറി മാറി വായിച്ച് ചർച്ച ചെയ്യണം ചർച്ച ഒരാളിൽ കേന്ദ്രീകരിക്കാതെ എല്ലാവർക്കും അവസരം ലഭി ക്കുന്നുവെന്ന് ഫെസിലിറ്റേറ്റർ ഉറപ്പ് വരുത്തേണ്ടതാണ്.

5. ചർച്ചകൾക്ക് ശേഷവും പല പ്രശ്നങ്ങൾക്കും ഉത്തരം കണ്ടെത്തുവാൻ കഴിയില്ല. ആയതിനാൽ തന്നെ പ്രശ്നപരിഹാരവും ചർച്ച ചെയ്ത് സ്കീമുകളിൽ ഒതുങ്ങുന്നില്ലെന്നും പ്രത്യേകം പറയണം. (സ്ലൈഡ് 11). സർക്കാർതലത്തിൽ നയപരമായ തീരുമാനം വേണ്ടവയും അതിൽപ്പെടും. വിവിധ വകുപ്പുകൾ, ഏജൻസികൾ, പ്രാദേശികസർക്കാർ എന്നിവർ ചേർന്നുള്ള മാസാന്തരയോഗങ്ങൾ ഉദാഹരണമായി പറ യാം. പ്രശ്നങ്ങൾക്കുള്ള കാരണങ്ങൾ പട്ടികജാതിക്കാർ മാത്രമാണെന്ന അഭിപ്രായങ്ങളും വന്നേക്കാം. എന്നാൽ അവരുടെ സംസ്ക്കാരം നിലനിറുത്തികൊണ്ട് തന്നെ അവരിൽ അവബോധം വളർത്തേണ്ട ചുമതല നമ്മൾ ഓരോരുത്തരിലും ഉണ്ടെന്ന് ധരിപ്പിക്കണം. ആയതിനാൽ തന്നെ പ്രവർത്തനങ്ങൾ നട ത്തുന്നവരുടെ , പ്രത്യേകിച്ച് സർക്കാർ സേവകരുടെ മനോഭാവം മാറ്റേണ്ടതുകൂടി പരിശീലനത്തിൽ എടുത്ത് പറയണം. ഉദാഹരണമായി 'വിളർച്ച' പട്ടികജാതിക്കാരിൽ സാധാരണയാണ്. പോഷകമൂല്യ മുള്ള ഭക്ഷണത്തിന്റെ കുറവാണ് പ്രധാന കാരണം. കൂടാതെ ഫോളിക്ക് ആസിഡ് ഗുളികയുടെ പ്രാധാ ന്യവും. ഇവർ അത് കഴിയ്ക്കുവാൻ വിസമ്മതിക്കുന്നു എന്നു പറയാം. എന്നാൽ ഫാക്കൽറ്റിയുടെ ദൗത്യം കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി ഏത് വിധേനയും അവരുടെ മനോഭാവം മാറ്റിക്കുക എന്നതാണ്. ഇങ്ങനെ ഓരോ പ്രശ്നത്തിന്റേയും പ്രതിവിധി കണ്ട് പിടിക്കേണ്ടത് അവരുടെ ചുമതലയാ ണെന്ന് ബോധ്യപ്പെടുത്തണം. ഏതെങ്കിലും സർക്കാർ ഉത്തരവ് പ്രതിബന്ധമാണെങ്കിൽ ആയത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും മാറ്റേണ്ടതുമാണെന്ന് ബോധ്യപ്പെടുത്തണം. ഇത്തരത്തി ലായിരിക്കണം സ്ലൈഡ് 11 കൈകാര്യം ചെയ്യേണ്ടത്.

6. തുടർന്ന് ചർച്ച ക്രോഡീകരണവും സംശയനിവാരണവും നടത്തണം. കൂടുതൽ സംശയങ്ങൾക്കുള്ള മറുപടി സംശയപ്പെട്ടിയിൽ നിക്ഷേപിക്കുന്നതിനും അവസരം ലഭിക്കുമ്പോൾ മറുപടി നല്കുന്നതാ ണെന്നും പറയണം. കൂട്ടായ ചർച്ചയിലൂടെ മറുപടി നൽകുന്നത് ഫാക്കൽറ്റികൾ ആ വിധത്തിൽ കൈകാര്യം ചെയ്യണം (സ്ലൈഡ് 12)..

## സെഷൻ 6

## വിദ്യാഭ്യാസം

1

## പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള പദ്ധതികൾ

2

## പട്ടികജാതിക്കാരുടെ വിദ്യാഭ്യാസപരമായ പ്രശ്നങ്ങൾ

- സാക്ഷരത 82.7 (ആൺ–85.2, പെൺ–77.6– സെൻസസ് 2001)
- അക്ഷരാഭ്യാസത്തിനുള്ള താൽപര്യക്കുറവ്
- സ്ക്കൂളിൽ ചേരാതിരിക്കൽ
- പഠനഘട്ടങ്ങൾ പൂർത്തീകരിക്കാതിരിക്കൽ
- കൊഴിഞ്ഞ് പോക്ക്
- ഉന്നത വിദ്യാഭ്യാസത്തിന് വിമുഖത

3

## വിദ്യാഭ്യാസപ്രശ്നങ്ങളുടെ കാരണങ്ങൾ– ഔദ്യോഗിക കാരണങ്ങൾ

- ദാരിദ്ര്യം
- ചെറുപ്പത്തിലേ തൊഴിൽ എടുക്കൽ
- ഉന്നത വിദ്യാഭ്യാസം നേടുന്നതിനുള്ള പരിമിതികൾ
- പ്രതികൂല ഗൃഹാന്തരീക്ഷം
- പ്രേരണക്കുറവ്
- ഭൗതികസാഹചര്യങ്ങളുടെ കുറവ്

4

## സാംസ്ക്കാരിക കാരണങ്ങൾ

- വിദ്യാസമ്പന്നതയുള്ള നേതൃത്വത്തിന്റെ കുറവ്
- മാതാപിതാക്കൾക്ക് മക്കളുടെ വിദ്യാഭ്യാസത്തിൽ താൽപര്യമില്ലായ്മ
- അക്ഷരാഭ്യാസം /വിദ്യാഭ്യാസം കൊണ്ടുള്ള ഗുണങ്ങളെക്കുറിച്ച് അറിവില്ലായ്മ
- പരമ്പരാഗതരീതികൾ പിന്തുടരൽ
- ഉല്പതീഷ്ണുതയുടെ കുറവുണ്ട്
- സന്നദ്ധസംഘടനകളുടെ കുറവ്
- അവകാശങ്ങളെക്കുറിച്ച് അറിവില്ലായ്മ

5

## ഭരണപരമായ കാരണങ്ങൾ

- സന്നദ്ധസംഘടനകളുടെ ഇടപെടൽ കുറവ്
- കുടുംബശ്രീ/അയൽക്കൂട്ട സംവിധാനങ്ങളുടെ പോരായ്മകൾ
- പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനക്കുറവ്
- സർക്കാർ സംവിധാനങ്ങൾ എത്തേണ്ട സ്ഥലത്ത് എത്തായ്ക

6

ഭരണപരമായ കാരണങ്ങൾ (തുടർച്ച.......)

- ഇടപെടൽക്കാരുടെ കാഴ്ച്ചപ്പാട്
- ശരിയായ മോണിറ്ററിംഗ് ഇല്ല
- അവലോകന യോഗങ്ങളിൽ ചെലവ് മാത്രം മാന ദണ്ഡം
- വിവിധ വകുപ്പ്, ഏജൻസികൾ, പ്രാദേശിക സർക്കാർതലത്തിൽ കൂട്ടായ ആസൂത്രണ പ്രവർത്തനമില്ലായ്മ

7

## പ്രശ്നപരിഹാരത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

- പട്ടികജാതിക്കാർക്ക് മാത്രമായി പട്ടികജാതിവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ 36 എണ്ണം
- പട്ടികജാതിക്കാർക്ക് മാത്രമായി മറ്റ് വകുപ്പുകൾ നടത്തുന്ന പദ്ധതികൾ 21 എണ്ണം
  - ഗ്രൂപ്പ് വായനയിലൂടെ പരിചയപ്പെടാം

8

## പൊതുവായ പദ്ധതികൾ

(പട്ടികജാതി വിഭാഗങ്ങൾക്ക് കൂടി ഉപയോഗപ്പെടുത്താവുന്നവ)

- പൊതുവിദ്യാഭ്യാസ വകുപ്പ് – 15 എണ്ണം
- കോളേജ്വിദ്യാഭ്യാസ വകുപ്പ് – 10 എണ്ണം
- സാങ്കേതികവിദ്യാഭ്യാസ വകുപ്പ് – 3എണ്ണം
- കേന്ദ്ര സർക്കാർ യു.ജി.സി – 2 എണ്ണം

9

(തുടർച്ച......)

- സാമൂഹ്യനീതി വകുപ്പ് മുഖേന – 5 എണ്ണം
- മൃഗസംരക്ഷണവകുപ്പ് മുഖേന – 2 എണ്ണം
- പ്രാദേശിക സർക്കാരുകൾ മുഖേന – 6 എണ്ണം
- സംസ്ഥാന സാക്ഷരതാ മിഷൻ – 6 എണ്ണം
- കുടുംബശ്രീ – 1 എണ്ണം
- വിവിധ ക്ഷേമനിധികൾ – 27 എണ്ണം
- മത്സ്യബന്ധന വകുപ്പ് – 2 എണ്ണം
- മറ്റ് വകുപ്പുകൾ – 17 എണ്ണം

10

## പരിഹാരം എങ്ങനെ?

- പ്രാഥമികതലത്തിൽ ആസൂത്രണം
- എസ്.സി പ്രൊമോട്ടർമാർ, ആശാവർക്കർമാർ, അംഗൻവാടി വർക്കർമാർ, പ്രാദേശിക സർക്കാർ , കുടുംബശ്രീ, വി.ഇ.ഒ, പട്ടികജാതി വികസന ഓഫീസർമാർ, ഹെൽത്ത് നഴ്സ് മുതലായവർ ചേർന്ന് ഏകോപന പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കുക
- കൂടുതൽ റസിഡൻഷ്യൽ സ്ക്കൂളുകൾ തുടങ്ങുക
- സംവരണത്തിൽ പട്ടികജാതിയിലെ ക്രീമീലെയറിനെ ഒഴിവാക്കുക

11

പരിഹാരം എങ്ങനെ? (തുടർച്ച....)

- സമീപനം മാറ്റൽ
- ആത്മാർത്ഥമായ പ്രവർത്തനം
- സേവന മനോഭാവം
- വിവിധ വകുപ്പുകൾ, ഏജൻസികൾ, പ്രാദേശിക സർക്കാരുകൾ ഒരുമിച്ചുള്ള പ്രവർത്തനം, അവലോകനം
- സർക്കാർ തലത്തിൽ എടുക്കേണ്ട തീരുമാനങ്ങൾ

12

ക്രോഡീകരണം

സംശയനിവാരണം

13

# നന്ദി

14

# സെഷൻ - 7

**1.** വിഷയം : **പട്ടികജാതി ക്ഷേമപദ്ധതികൾ**

**2.** **ലക്ഷ്യങ്ങൾ** : (1) പട്ടികജാതി ക്ഷേമപദ്ധതികൾ എന്തൊക്കെയെന്നു പഠിതാക്കളെ പരിചയപ്പെടുത്തുക.

(2) ക്ഷേമപരിപാടികളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുക

(3) അതിജീവനാവശ്യങ്ങൾ എങ്ങനെ ഉറപ്പു വരുത്താമെന്ന് ബോദ്ധ്യപ്പെടുത്തുക

(4) നിലവിലുള്ള ക്ഷേമപദ്ധതികളുടെ പ്രയോജനങ്ങൾ ലഭിക്കാതെ പോകുന്നതെന്തുകൊണ്ടെന്ന് അപഗ്രഥിക്കുക

(5) തടസ്സങ്ങളായി നിൽക്കുന്ന വസ്തുതകൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കുക, ആയതിനുള്ള പരിഹാരങ്ങൾ അപഗ്രഥിക്കുക

(6) നിലവിലുള്ള ക്ഷേമപദ്ധതികൾ പഠിതാക്കളെ പരിചയപ്പെടുത്തുക

**3.** **സമയം** : 180 മിനിറ്റ്

**4.** **വേദി** : പൊതു വേദി

**5.** **ഉള്ളടക്കം/പഠനരീതി:**

| ക്രമ നമ്പർ | ഉള്ളടക്കം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1. | എന്താണ് ക്ഷേമം കൊണ്ടുദ്ദേശിക്കുന്നത്. ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് പരിശോധന | 5 | പങ്കളിത്ത അവതരണം | സ്ലൈഡ് 2<br>ബോർഡ്, ചാർട്ട് പേപ്പർ |
| 2. | അതിജീവനത്തിനായുള്ള സേവനങ്ങൾ ലഭ്യമാക്കൽ (പഞ്ചായത്ത്, വിവിധ വകുപ്പുകൾ) - റേഷൻകാർഡ്, ആധാർ, തിരിച്ചറിയൽ കാർഡ് മുതലായവ | 10 | പങ്കാളിത്ത അവതരണം | സ്ലൈഡ് 3 |
| 3. | ക്ഷേമപരിപാടികൾ യഥാസമയം നൽകുന്നത് സംബന്ധിച്ച് നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്നുള്ള വിശകലനം | 10 | പങ്കാളിത്ത അവതരണം | സ്ലൈഡ് 4 |
| 4. | ക്ഷേമപദ്ധതികൾ യഥാസമയം എത്തിചേരാത്തതിന്റെ പ്രധാന തടസ്സങ്ങൾ കാരണങ്ങൾ എന്തൊക്കെയെന്ന് അപഗ്രഥിക്കൽ | 5 | ” | സ്ലൈഡ് 5, 6 |
| 5 | ക്ഷേമപരിപാടികൾ പട്ടികജാതിക്കാരിൽ എത്തിയ്ക്കുന്നതിനുള്ള പരിഹാരനിർദ്ദേശങ്ങൾ ഉന്നതതലത്തിൽ പരിഹാരം കാണേണ്ടവ | 5 | ” | സ്ലൈഡ് 7,8,9 |

| | | | | |
|---|---|---|---|---|
| 6 | ക്ഷേമപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പട്ടികജാതിക്കാർക്കുമാത്രമായ പദ്ധതികൾ പരിചയപ്പെടൽ | 25 | ഗ്രൂപ്പ് ചർച്ച | |
| 7 | ക്ഷേമപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പൊതു വിഭാഗം പദ്ധതികൾ പരിചയപ്പെടൽ | 90 | ഗ്രൂപ്പ് ചർച്ച | |
| 8 | പ്രാദേശിക സർക്കാർ പദ്ധതികൾ, വിടവ് നികത്തുന്നത് | 20 | പങ്കാളിത്ത അവത രണം | സ്ലൈഡ് 10 |
| 9 | ക്രോഡീകരണം, സംശയനിവാരണം | 10 | അവതരണം | സ്ലൈഡ് 11 |

**കുറിപ്പ്**

1. ഒരു വിഭാഗത്തിന്റെ ക്ഷേമം കൊണ്ട് ഉദ്ദേശിക്കുന്നത് ഭൗതികമായ സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൊടുക്കലും, അതോടൊപ്പം സാമ്പത്തികവും വിദ്യാഭ്യാസപരവും, ആരോഗ്യപരവുമായ വികാസത്തിന് കളമൊരുക്കി കൊടുക്കുന്ന താല്കാലികപ്രവർത്തനങ്ങൾ മാത്രമാണെന്നും അവ ശാശ്വതമായി നിലനിർത്തികൊണ്ടുപോകുന്നതിന് അവരെ സജ്ജരാക്കേണ്ട ആവശ്യകത കൂടി ബോധിപ്പിക്കേണ്ടതുമാണ്. മനുഷ്യാവകാശങ്ങൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് പ്രസ്തുത ക്ഷേമപ്രവർത്തനങ്ങൾ ആവശ്യവുമാണ്. സമൂഹത്തിലെ ഏറ്റവും ദുർബലരായ ദരിദ്രവിഭാഗങ്ങൾ ആയതിനാൽതന്നെ ക്ഷേമപ്രവർത്തനങ്ങൾക്ക് കൂടുതൽ അവകാശമുണ്ടെന്നും ബോധ്യപ്പെടുത്തണം. മറ്റു വിഭാഗങ്ങളേക്കാൾ പ്രസ്തുത കാര്യങ്ങളിൽ പിന്നിൽ നിൽക്കുന്ന പട്ടികജാതിക്കാർക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ അവരിൽ എത്തി എന്ന് ഉറപ്പാക്കുന്നതും വളരെ പ്രാധാന്യമർഹിക്കുന്നു.
2. തുടർന്നുള്ള 10 മിനിറ്റിൽ പട്ടികജാതിവിഭാഗങ്ങളും വിവിധ രീതിയിലുള്ള അവരുടെ അതിജീവനാവശ്യങ്ങൾക്കായുള്ള റേഷൻ കാർഡ്, ആധാർ കാർഡ്, ഇലക്ഷൻ ഐ.ഡി കാർഡ്, ജനന-മരണ വിവാഹ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കൽ, കുടിവെള്ളം, വെളിച്ചം , ഭൂമി എന്നിവ ലഭ്യമാക്കൽ മുതലായവ വ്യക്തമാക്കിക്കണം. ആയതിന് പരിശീലനാർത്ഥികൾ എന്ത് സമീപനവും നടപടികളും കൈകൊള്ളണം എന്ന് വ്യക്തമാക്കണം. ഇതു മൊത്തം പങ്കാളിത്ത അവതരണത്തോടെ പറയണം. സ്ലൈഡ് 3 വഴി വിവിധ അവകാശങ്ങൾ ചൂണ്ടികാണിക്കണം. ആയതിന്റെ നിലവിലുള്ള സ്ഥിതിയും വിലയിരുത്തണം. പഞ്ചായത്ത്, വില്ലേജ് ഓഫീസ്, മറ്റ് ഓഫീസുകൾ മുതലായവ നൽകുന്ന സേവനങ്ങളും പറയണം.
3. തുടർന്ന് അനുഭവപ്പെടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ് പഠിതാക്കളെക്കൊണ്ട് പറയിക്കാൻ ശ്രമിക്കണം. കൂടാതെ സ്ലൈഡ് 4 ന്റെ സഹായത്തോടെ ഈ പ്രശ്നങ്ങൾ അവതരിപ്പിക്കാം. കൂടുതലായിട്ടുള്ള കണ്ടെത്തലുകൾ ചർച്ച ചെയ്ത് സ്ഥിരികരിക്കണം (5 മിനിറ്റ്)
4. തുടർന്ന് പ്രശ്നങ്ങൾ ഇന്നും തുടർന്ന് പോകുന്നതിന്റെ കാരണങ്ങൾ കണ്ടുപിടിക്കാൻ കഴിയണം. ഉദ്യോഗസ്ഥ വിന്യാസത്തിന്റെ കുറവ്, കഴിവില്ലായ്മ, ഉത്തരവാദിത്വ ബോധമില്ലായ്മ, വ്യത്യസ്ഥ വകുപ്പുകളും, ഉദ്യോഗസ്ഥ സംവിധാനങ്ങളും തമ്മിലുള്ള ഏകോപനകുറവ്, പദ്ധതികളുടെ സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്താൻ സാധിക്കാതെ വരൽ, മേൽതട്ടിൽ മോണിറ്ററിംഗ് സംവിധാനങ്ങളിലുള്ള പാകപ്പിഴകൾ എന്നിവ കാരണങ്ങളായി വിശദീകരിക്കാം (സ്ലൈഡ് 5). കൂടാതെ ഈ വിഭാഗത്തിന്റെ പൊതു പിന്നോക്കാവസ്ഥയും, ഭാഷപരവും, സാംസ്കാരികപരമായ പരിമിതികളും അവതരണം ചെയ്യാൻ സാധിക്കുന്ന രീതികളും ചർച്ച ചെയ്യുകയും പങ്കാളിത്ത അവതരണത്തിൽ കൂടി കൂടുതൽ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാവുന്നതാണ്. പോരായ്മകൾ പ്രധാനമായും പദ്ധതികളെകുറിച്ചും അവ നേടിയെടുക്കുന്നതിനാവശ്യമായ നടപടിക്രമങ്ങളെക്കുറിച്ചും ഉള്ള അജ്ഞത ആണെങ്കിൽ അവ മാറ്റിയെടുക്കുന്നതിനാവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ പരിശീലന പരിപാടി എന്ന് വിവരിക്കാൻ സാധിക്കണം.

5. തുടർന്ന് മേൽചർച്ച ചെയ്ത പ്രശ്നങ്ങളുടെ കാരണങ്ങൾ എന്തൊക്കെയാകാമെന്ന് പങ്കാളിത്ത അവതരണത്തോടെ ശ്രദ്ധയിൽ കൊണ്ടുവരണം (സ്ലൈഡ് 6). ഇതിനായി പരിഹാരങ്ങൾ കൂട്ടായി പ്രവർത്തിച്ചാൽ ചെയ്യാവുന്നതേയുള്ള എന്ന് സമർത്ഥിക്കണം. ഇതിനായി ഉദാഹരണങ്ങൾ പ്രസ്സ് റിലീസുകൾ നിരത്താം. അവർ തടസ്സമായി പറയുന്ന കാര്യങ്ങൾ എങ്ങനെ നേരിടാമെന്ന് അവരെകൊണ്ട് പറയിച്ചശേഷം കൂട്ടിച്ചേർത്താൽ മതി പരിഹാരം സർക്കാർ, പ്രാദേശിക സർക്കാർ തലത്തിൽ കാണേണ്ടവ (നിയമം മൂലം) എന്താണെന്നും ചൂണ്ടികാണിക്കണം. ഇനി ഗ്രൂപ്പായി ചർച്ച ചെയ്യാൻ പോകുന്ന സ്കീമുകൾ മേൽ പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് എന്നും പറയണം (5 മിനിറ്റ്). അതിനുശേഷം വിഷയം ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഇരുന്ന് ഓരോരുത്തരും താത്പര്യത്തോടെയും, ആത്മാർത്ഥതയോടും കൂടി വായിച്ചു മനസ്സിലാക്കുകയും, സംശയങ്ങൾ ഗ്രൂപ്പിലെ തന്നെ വിഷയ വിദ്ഗ്ധർ വഴി നിവാരണം നടത്തുകയും, സങ്കീർണ്ണമായ സംശയങ്ങൾ വേദിയിലെ മറ്റ് വിദഗ്ധരുമായി ചർച്ച ചെയ്ത് വ്യക്തമായ മറുപടികൾ നൽകുന്നതുമാണെന്ന് നിർദ്ദേശം നൽകാവുന്നതാണ്.
6. തുടർന്ന് 10–12 പേർ നടത്തിയ ഗ്രൂപ്പുകൾ വീതം ചേർന്ന് പട്ടിക ജാതിക്കാർക്ക് മാത്രമായ സ്കീമുകൾ ഓരോന്നും പരിചയപ്പെടണം. ഗ്രൂപ്പ് ലീഡർ, റിപ്പോർട്ടർ എന്നിവരെ തെരഞ്ഞെടുക്കണം. ഒന്നോ രണ്ടോ ഫെസിലിറ്റേറ്റർമാർ ഫെസിലിറ്റേറ്റ് ചെയ്യണം. എല്ലാ പഠിതാക്കൾക്കും അവസരം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം (സ്ലൈഡ് 7 കാണിക്കാം) ഗ്രൂപ്പിൽ തന്നെ സംശയനിവാരണം നടത്തണം. തുടർന്ന് റിപ്പോർട്ട് എഴുതി വാങ്ങണം. വിശദമായ മറുപടി വേണ്ടവയ്ക്ക് പിന്നീട് മറുപടി നൽകിയാൽ മതി (25 മിനിറ്റ്).
7. തുടർന്ന് സ്ലൈഡ് 8 കാണിച്ചുകൊണ്ട് പൊതു സ്കീമുകളെ മേൽ വിവരിച്ച രീതിയിൽ പഠിതാക്കൾ ഹൃദിസ്ഥമാക്കണം.
8. തുടർന്ന് സ്ലൈഡ് 9 കാണിച്ചു സ്കീമുകൾകൊണ്ട് പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ പ്രാദേശിക സർക്കാരുകളുടെ പദ്ധതികളിലൂടെ പരിഹരിക്കാൻ കഴിയുമെന്നും പറയണം. പഞ്ചായത്തുകൾ പദ്ധതി ആസൂത്രണം നടത്തുന്ന പ്രക്രിയ ചുരുക്കി പറയണം. പട്ടികജാതി ഉപപദ്ധതിയെക്കുറിച്ചും ആശ്രയപദ്ധതിയെക്കുറിച്ചും ഗ്രാമസഭ, അയൽസഭ യോഗങ്ങളെക്കുറിച്ചും ഒന്നോ രണ്ടോ വാക്കുകളിൽ ചുരുക്കി പങ്കാളിത്ത അവതരണം നടത്തണം. പഞ്ചായത്തുകൾക്കാണ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പ്രധാന പങ്കു വഹിക്കാൻ കഴിയുക എന്ന സന്ദേശം നൽകണം. ഉദാ. വിളർച്ച ഒഴിവാക്കാൻ പഞ്ചായത്തിന്റെ കീഴിലുള്ള അങ്കണവാടി പോഷകാഹാര പരിപാടിയിലൂടെ കഴിയുമെന്ന് പറയണം. ഫോളിക് ആസിഡ് ഗുളിക നൽകി ഗർഭിണികളെ അനീമിയയിൽ നിന്നും രക്ഷപ്പെടുത്താം. കൂടാതെ പ്രാദേശിക സർക്കാരുകൾ ആണ് പെൻഷനുകൾ, അടിസ്ഥാന സൗകര്യങ്ങൾ, ദാരിദ്ര്യനിർമ്മാർജ്ജനം, സാക്ഷരത മുതലായവ നടപ്പിൽ വരുത്തേണ്ടത് എന്നും ബോധ്യപ്പെടുത്തണം.

   തുടർന്ന് ക്രോഡീകരണവും സംശയനിവാരണവും നടത്തണം. (10 മിനിറ്റ്) ഫാക്കൽറ്റികൾ ചർച്ച ചെയ്ത് ഉറപ്പ് വരുത്തിയശേഷം മാത്രം മറുപടി പറയാൻ ശ്രദ്ധിക്കണം. സംശയപെട്ടിയിൽ വന്നിട്ടുള്ള ചോദ്യങ്ങൾക്ക് സമയം ലഭിക്കുമ്പോഴോ സമാപനത്തിലോ മറുപടി പറഞ്ഞാൽ മതി.

   സെഷനുകൾ എല്ലാം തന്നെ പഠിതാക്കളുടെ അറിവ് കൂട്ടുന്നതിനും സംശയങ്ങൾ തീർക്കുന്നതിനും മനോഭാവം മാറ്റുന്നതിനും കൂടുതൽ അർപ്പണ ബോധത്തോടെ അവരുടെ കഴിവുകൾ ഉപയോഗപ്പെടുത്തി പട്ടികജാതി വികസനം സാദ്ധ്യമാക്കുന്നതിനുള്ള പ്രേരണയായി മാറേണ്ടതാണ്.

# സ്വാഗതം

1

## സെഷൻ 7

- ക്ഷേമപ്രവർത്തനങ്ങൾ എന്ത്?
- അടിസ്ഥാനാവശ്യങ്ങൾ പ്രദാനം ചെയ്യൽ
- ഭൗതിക സാഹചര്യങ്ങൾ
- ജീവിത നിലവാരം
- തൊഴിലും വരുമാനവും
- ആരോഗ്യാവസ്ഥ

2

## ആജീവന സേവനത്തിനുള്ള രേഖകൾ

- ജനനമരണ സർട്ടിഫിക്കറ്റ്
- വിവാഹ സർട്ടിഫിക്കറ്റ്
- കെട്ടിട നിർമ്മാണ പെർമിറ്റ് /ജാതി സർട്ടിഫിക്കറ്റ്
- വരുമാന സർട്ടിഫിക്കറ്റ്
- ജന്മസ്ഥലം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
- താമസസ്ഥലം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
- തൊഴിൽ കാർഡ്
- ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്
- റേഷൻ കാർഡ്
- തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ്
- ആധാർ കാർഡ്
- ദാരിദ്ര്യരേഖക്ക് താഴെയാണ് എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ബി.പി. എൽ)
- എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ്
- പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
- ബാങ്ക് അക്കൗണ്ട്

3

## ക്ഷേമപ്രവർത്തനങ്ങൾ സംബന്ധിച്ച പ്രശ്നങ്ങൾ

- അതിജീവനാവശ്യങ്ങൾക്കുള്ള സേവനങ്ങൾ ലഭ്യമാകുന്നില്ല
- ക്ഷേമപ്രവർത്തനങ്ങൾ യഥാസമയം ലഭ്യമാകുന്നില്ല
- ആധുനിക ചികിത്സ ലഭ്യമല്ല
- അടിസ്ഥാനാവശ്യങ്ങൾ ലഭ്യമല്ല
- ശാരീരിക-മാനസിക വെല്ലുവിളികൾക്കുള്ള പരിഹാരങ്ങൾ കുറവ്
- വിവിധ തരത്തിലുള്ള ചൂഷണങ്ങൾക്ക് എളുപ്പം വിധേയരാക്കുക
- ശുചിത്വമില്ലാത്ത ചുറ്റുപാടുകൾ
- സാമൂഹ്യതിന്മകൾ
- അവകാശങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ

4

## കാരണങ്ങൾ, തടസ്സങ്ങൾ

- പരമ്പരാഗത വ്യവസ്ഥിതിയുടെ പ്രത്യേകതകൾ
- സംസ്കാരം, ഭാഷ
- സംഘടനാശേഷികുറവ്
- പ്രതികരണശേഷികുറവ്
- ശക്തമായ നേതൃത്വമില്ലായ്മ
- ഔദ്യോഗിക സംവിധാനത്തിലെ മികവ് ഇല്ലായ്മയും താല്പര്യകുറവും
- അവകാശങ്ങളെക്കുറിച്ചുള്ള അജ്ഞത
- പുറംലോകവുമായുള്ള ബന്ധക്കുറവ്
- ഓഫീസുകൾ സന്ദർശിച്ച് സ്വയംകാര്യങ്ങൾ നേടിയെടുക്കുവാനുള്ള പ്രാപ്തിക്കുറവ്

5

## കാരണങ്ങൾ –തുടർച്ച

- പരമ്പരാഗത രീതികളിലുള്ള വിശ്വാസം
- പുതിയതിനെ അംഗീകരിക്കാനുള്ള വൈമനസ്യം
- മോണിറ്ററിംഗിന്റെ അഭാവം
- അവകാശങ്ങൾ ചോദിച്ചുവാങ്ങുന്നതിനുള്ള പ്രാപ്തിക്കുറവ്
- പദ്ധതി/വകുപ്പ്/ഉദ്യോഗസ്ഥ സംവിധാനങ്ങളുടെ ഏകോപനകുറവ്
- വ്യക്തമായ ചുമതലാ വിഭജനം ഇല്ലായ്മ
- പ്രാദേശിക സർക്കാരുകളുടെ ഇടപെടൽ കുറവ്

6

**ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തുചെയ്യാൻ സാധിക്കും.**

- മോണിറ്ററിംഗ് കാര്യക്ഷമമാക്കുക
- ഉദ്യോഗസ്ഥ സംവിധാനങ്ങളിൽ കൂട്ടുത്തരവാദിത്വവും പരസ്പര ധാരണയും, ഒരുമിച്ചുള്ള പ്രവർത്തനശൈലിയും.
- വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് മറ്റ് വകുപ്പുകളിലെ ക്ഷേമപദ്ധതികളെക്കുറിച്ച് അറിവ് നൽകുക
- പ്രാദേശിക സർക്കാരുകളുടെ ഇടപെടൽ
- ഇടതടവില്ലാത്ത ബോധവൽക്കരണവും, പരിശീലനവും

7

**തുടർച്ച**

- അയൽസഭകൾ, എൻ.എച്ച്.ജി, അയൽക്കൂട്ടങ്ങൾ മുതലായവ വഴിയുള്ള ആശയവിനിമയം
- വിശ്വാസംപറ്റികൊണ്ടുള്ള പ്രവർത്തനങ്ങൾ
- അവരിലുള്ള നല്ല മോഡലുകളെ പരിചയപ്പെടുത്തൽ
- വിഷ്വൽ മീഡിയ വഴിയുള്ള ഉൽബോധനം
- മാന്യമായ പെരുമാറ്റം നൽകുക
- എന്തിനും സഹായഹസ്തം നൽകുക
- അവരെ സ്വാധീനിക്കാവുന്ന മീഡിയം/ ആളുകൾ വഴിയുള്ള പ്രവർത്തനങ്ങൾ

8

**വിവിധ ക്ഷേമപദ്ധതി സംഗ്രഹം**

- പ്രാദേശിക സർക്കാർ – 3 എണ്ണം
- പട്ടികജാതിവകുപ്പ് പദ്ധതികൾ – 6 എണ്ണം
- മറ്റ് വകുപ്പുകൾ –14 എണ്ണം

ആകെ 23 എണ്ണം

- പൊതു വിഭാഗം ക്ഷേമപദ്ധതികൾ – 230 എണ്ണം

9

**വിടവു നികത്തൽ**

(പ്രാദേശികാസൂത്രണം)

– പ്രാദേശിക സർക്കാർ മുഖേന

- പട്ടികജാതി ഉപപദ്ധതി
- ആശ്രയപദ്ധതി
- വനിതഘടകപദ്ധതി
- വൃദ്ധജനങ്ങൾക്കുള്ള പദ്ധതി
- കുട്ടികൾക്കായുള്ള പദ്ധതി
- ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി
- പോഷകാഹാര പരിപാടി
- പാർപ്പിടപദ്ധതി
- ശുചിത്വ പരിപാടികൾ

10

**ക്രോഡീകരണം**

**സംശയനിവാരണം**

11

# നന്ദി

12

## സെഷൻ - 8

**1. വിഷയം** : **വിവിധ വകുപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾ**

**2. ലക്ഷ്യങ്ങൾ** : (1) പട്ടികജാതി പ്രൊമോട്ടർമാർ, ഓഫീസർമാർ വർക്കിംഗ് ഗ്രൂപ്പ് ഭാരവാഹികൾ എന്നിവരെ, വിവിധ ഓഫീസുകളിൽ നിന്നും നൽകുന്ന സേവനങ്ങളും അവ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളേയും കുറിച്ച് അറിവുള്ളവരാക്കുക

(2) പട്ടികജാതി വിഭാഗങ്ങൾക്കും മറ്റുള്ളവർക്കും സേവനം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിന് പ്രാപ്തരാക്കുക

(3) സേവനങ്ങൾ യഥാസമയം നൽകിയില്ലെങ്കിൽ പരാതി സമർപ്പിക്കേണ്ടത് ആർക്കെന്നും എങ്ങനെയെന്നും വ്യക്തമാക്കുക

(4) പൗരാവകാശരേഖ, സേവനാവകാശനിയമം, വിവരാവകാശനിയമം എന്നിവയിലെ സംശങ്ങൾ ദൂരികരിക്കുക

**3. സമയം** : 60 മിനിറ്റ്

**4. വേദി** : പൊതു വേദി

**5. ഉള്ളടക്കം/പഠനരീതി:**

| ക്രമ നമ്പർ | ഉള്ളടക്കം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1. | സേവനം എന്ത്, സേവനാവകാശ നിയമം, വിവരാവകാശനിയമം, പൗരാവകാശരേഖ എന്തിന് വേണ്ടി? ഇപ്പോഴത്തെ അവസ്ഥ | 5 | പങ്കളിത്ത അവതരണം | സ്ലൈഡ് 1<br>എൽ.സി.ഡി |
| 2. | അദ്ധ്യായം 10 ൽ നൽകിയിട്ടുള്ള വിവിധ വകുപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ മുതലായവ നൽകുന്ന സേവനങ്ങളും നടപടിക്രമങ്ങളും ഏതൊക്കെയാണെന്ന് മനസ്സിലാക്കുക | 45 | ഗ്രൂപ്പ് പ്രവർത്തനം | സ്ലൈഡ് 3<br>കൈപുസ്തകം |
| 3. | ക്രോഡീകരണം, സംശയനിവാരണം | 10 | അവതരണം | |

**കുറിപ്പ്**

ഈ സെഷൻ വിവിധ ആവശ്യങ്ങൾക്കും അനുകൂല്യങ്ങൾക്കുമായി പട്ടികജാതി വിഭാഗങ്ങൾ അടക്കമുള്ളവർക്ക് വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ലഭിക്കേണ്ട വിവിധ സേവനങ്ങൾ ഏതൊക്കെയാണെന്നും ആയതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും യഥാസമയം സേവനം ലഭിച്ചില്ലെങ്കിൽ ആരോട് പരാതിപ്പെടാമെന്നും ഓരോന്നിനുമുള്ള സമയപരിധി എന്താണെന്നും മനസ്സിലാക്കുന്നതിനുവേണ്ടിയാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങളും വില്ലേജ് ഓഫീസുകൾ അടക്കമുള്ള 12 ഓഫീസുകൾ നൽകുന്ന സേവനങ്ങളെക്കുറിച്ചാണ് ഹ്രസ്വമായി പ്രതിപാദിച്ചിട്ടുള്ളത്. ഇന്ന് പല ഓഫീ

സുകളിൽ നിന്നും യഥാസമയം സേവനം ലഭിക്കുന്നത് ശ്രമകരമായി തീർന്നിട്ടുണ്ട്. നിയമത്തിലും പൗരാവകാശരേഖയിലും പറഞ്ഞിട്ടുള്ള സമയപരിധിപോലും പാലിക്കപ്പെടുന്നില്ല. അപേക്ഷകന്റെ അജ്ഞതയും ഒരു കാരണമാണ്. പട്ടികജാതിക്കാരുടെ വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് സാധാരണ വേണ്ടി വരുന്ന സേവനങ്ങൾ പ്രൊമോട്ടർമാർക്ക് വളരെ വ്യക്തമായി അറിയാം. അവരുടെ അറിവ് കൂട്ടുന്നത് പട്ടികജാതിക്കാരായ സാധാരണ ജനങ്ങൾക്ക് ഏറെ ഗുണം ചെയ്യും. കൂടാതെ മറ്റുള്ള പരിശീലനാർത്ഥികൾക്കും. അതിനുവേണ്ടി തന്നെയാണ് ഒരു പ്രത്യേക സെഷന് രൂപം നൽകിയതും. ഇത് പ്രത്യേകിച്ച് പട്ടികജാതി വിഭാഗങ്ങൾക്ക് ഏറെ ഗുണം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

സെഷൻ തുടക്കത്തിൽ സ്ലൈഡ് 2 പ്രദർശിപ്പിച്ചുകൊണ്ട് സേവനം എന്താണെന്നും സേവനാവകാശ നിയമം, വിവരാവകാശ നിയമം, പൗരാവകാശരേഖ എന്നിവ എന്തിനാണെന്നും ഒന്നോ രണ്ടോ വാചകം എടുത്തുകൊണ്ട് പങ്കാളിത്തരീതിയിൽ അവതരിപ്പിക്കണം. ഇവയെക്കുറിച്ച് വിശദമായി പ്രതിപാദിക്കേണ്ടതില്ല. സേവനാവകാശനിയമം (2012) ഒരു സംസ്ഥാന സർക്കാർ നിയമമാണെന്നും സേവനം യഥാസമയം ഉറപ്പ് നൽകുന്നതിന് വേണ്ടിയാണെന്നും പറയുകയോ, പറയിപ്പിക്കുകയോ ചെയ്താൽ മതി.

തുടർന്ന് വിവിധ സേവനങ്ങൾ മനസ്സിലാക്കുന്നതിന് ഗ്രൂപ്പ് തിരിയണം.(മുൻ ഗ്രൂപ്പുകൾ തന്നെ) ഇതിനു മുമ്പായി സ്ലൈഡ് 3 പ്രദർശിപ്പിച്ച് ലഘുവിവരണം നൽകണം. ഗ്രൂപ്പ് നടപടിക്രമങ്ങൾ മുൻ ഗ്രൂപ്പുകളിൽ പോലെ തന്നെയാവാം. ഫെസിലിറ്റേറ്റർ ഉണ്ടായിരിക്കണം. ശേഷിക്കുന്ന സംശങ്ങൾ ഗ്രൂപ്പ് ലീഡർക്ക് ഗ്രൂപ്പ് ചർച്ചയുടെ അവസാനം എഴുതി തരാവുന്നതാണ്. വിശദമായ ചർച്ച്യ്ക്ക് സമയം ലഭിക്കുകയില്ല. ആയതിനാൽ സേവനങ്ങൾ വായിച്ച് പോയാൽ മതി.

തുടർന്ന് സംശയങ്ങൾക്ക് മറുപടി നൽകാം. (10 മിനിറ്റ്) ബാക്കിയുള്ള സംശയങ്ങൾക്ക് അതാത് പുസ്തകങ്ങൾ റഫർ ചെയ്യുകയോ കിലയുമായി ബന്ധപ്പെടുകയോ ചെയ്യാൻ പറഞ്ഞാൽ മതി. POA നിയമവും ചട്ടവും അവസാനം നൽകിയിട്ടുണ്ടെന്നും പിന്നീട് വായിച്ച് മനസ്സിലാക്കിയാൽ മതിയെന്നും പറയണം. ഇത് 1989 ൽ ആണ് നിയമായതെന്നും ചട്ടം 1995 ലാണ് വന്നതെന്നും ഇവയുടെ ഭേഗദതികൾ യഥാക്രമം 2015 ലും 2016 ലുമാണ് വന്നിട്ടുള്ളതെന്നും പറയണം. അതിക്രമങ്ങളുടെ ലിസ്റ്റ് വാള്യം 2 ന്റെ കവർ പേജിൽ നൽകിയിട്ടുണ്ടെന്നും ശിക്ഷകൾ ചട്ടത്തിൽ ഉണ്ടെന്നും മാത്രം പറഞ്ഞാൽ മതി.

## സെഷൻ–8

## സേവനങ്ങളും വ്യവസ്ഥകളും



## സേവനം എന്ത്? എന്തിന്

- **1994 KPR & KM Acts**
- അറിയുവാനുള്ള അവകാശം
- പൗരാവകാശരേഖ
- ഫ്രണ്ട് ഓഫീസ്
- 2005 വിവരാവകാശ നിയമം
- 2012 ലെ സേവനാവകാശ നിയമം



## സേവനങ്ങൾ – അദ്ധ്യായം 10

- പ്രാദേശിക സർക്കാർ – 64 എണ്ണം
- ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് – 1
- ജലഗാതഗതവകുപ്പ് – 2
- ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്- 6
- ഗ്രാമവികസനം– 1
- സാക്ഷരത – 1
- ടെക്നിക്കൽ എഡ്യുക്കേഷൻ – 6
- നാഷ്ണൽ എംപ്ലോയ്മെന്റ് – 5
- മോട്ടോർ വാഹന വകുപ്പ് – 12
- റവന്യൂ വകുപ്പ് – 25
- സിവിൽ സപ്ലൈസ് – 13
- പോലീസ് – 4
- ആകെ 140
- **POA Act & Rules**



# നന്ദി

## Training schedule for SC Promoters, Officers, Presidents/Welfare Standing Committee Chairpersons, Working Group Office Bearers of Grama Panchayats.

The training starts on January 27th in 3 different centres shown below and KILA from April 2017 onwards.

**Training Centres (One batch will contain 50-65 trainees from 12 grama panchayats)**

1. Pazhakulam Social Service Society- PASSS- Adoor, 04734-237262, 237072 ( TVM, Kollam, Kottayam, , Pathanamthitta)
2. NIFAM- National Institute for Fisheries Administration and Management, U.C.College(PO), Aluva-2, EKM. Director-9495040532 (Alappuzha, Idukki, Palaghat, Thrissur, Ernakulam, Malappuram)
3. Pasteral Centre-Padannakad- Kanjangad, Kasargod – 9447778901( Kasargode, Kannur, Wayanad, Kozhikode)

**Training Dates in 3 Centres**

| | |
|---|---|
| 1 | 2017 Jan. 27-28 |
| 2 | 2017 Jan. 30-31 |
| 3 | 2017 Feb 1-2 |
| 4 | 2017 Feb 3-4 |
| 5 | 2017 Feb 6-7 |
| 6 | 2017 Feb 8-9 |
| 7 | 2017 Feb 10-11 |

| | |
|---|---|
| 8 | 2017 Feb 13-14 |
| 9 | 2017 Feb 15-16 |
| 10 | 2017 Feb 17-18 |
| 11 | 2017 Feb 20-21 |
| 12 | 2017 Feb 22-23 |
| 13 | 2017 Feb 27-28 |

**KILA AS CENTRE- DATES**

| | |
|---|---|
| 1 | 2017 April 4-5 |
| 2 | 2017 April 6-7 |
| 3 | 2017 April 7-8 |
| 4 | 2017 April 10-11 |
| 5 | 2017 April 11-12 |
| 6 | 2017 April 17-18 |
| 7 | 2017 April 19-20 |
| 8 | 2017 April 21-22 |
| 9 | 2017 April 24-25 |
| 10 | 2017 April 26-27 |
| 11 | 2017 April 27-28 |
| 12 | 2017 April 28-29 |
| 13 | 2017 May 2-3 |
| 14 | 2017 May 4-5 |
| 15 | 2017 May 5-6 |
| 16 | 2017 May 8-9 |
| 17 | 2017 May 10-11 |
| 18 | 2017 May 12-13 |
| 19 | 2017 May 15-16 |
| 20 | 2017 May 16-17 |
| 21 | 2017 May 17-18 |

| | |
|---|---|
| 22 | 2017 May 19-20 |
| 23 | 2017 May 22-23 |
| 24 | 2017 May 23-24 |
| 25 | 2017 May 24-25 |
| 26 | 2017 May 25-26 |
| 27 | 2017 May 26-27 |
| 28 | 2017 May 29-30 |
| 29 | 2017 May 30-31 |
| 30 | 2017 June 2-3 |
| 31 | 2017 June 5-6 |
| 32 | 2017 June 7-8 |
| 33 | 2017 June 9-10 |
| 34 | 2017 June 12-13 |
| 35 | 2017 June 14-15 |
| 36 | 2017 June 16-17 |
| 37 | 2017 June 19-20 |
| 38 | 2017 June 21-22 |
| 39 | 2017 June 23-24 |
| 40 | 2017 June 26-27 |
| 41 | 2017 June 28-29 |

## Stationeries required for each centre (Excluding KILA)

| | | | |
|---|---|---|---|
| 1. | LCD and its accessories with operator | : | |
| 2. | Centrally Sponsored Handbook | : | 5 nos |
| 3. | State Sponsored Handbook Vol I & II | : | 5 nos |
| 4. | Plan guideline (G.O MS 4/2016/LSGD dated 11-4-2016) | : | 5 nos |
| 5. | Tags | : | 2 boxes |
| 6. | Pin | : | 2 boxes |
| 7. | Chart Papers | : | |
| 8. | White Papers | : | |
| 9. | Folders, writing pads & pen | : | |
| 10. | Marker pens & chocks | : | |
| 11. | Handbook for Trainees | : | 2 volumes – 750 each |
| 12. | Trainers Handbook | : | 20 nos. |
| 13. | Forms (200 nos each centre) | : | 1250 (15nos. each for 1 Batch) |
| 14. | Mike sets with hand speaker | : | |
| 15. | Food and accommodation | : | |
| 16. | Chair with writing convenience | : | |
| 17. | Trainees course certificate | : | |
| 18. | Duty Certificate | : | |
| 19. | Registrations forms | : | 1000 nos for each centre |
| 20. | Attendance sheets | : | 100 nos |
| 21. | Programme schedule | : | 1000 nos for each centre |
| 22. | Evaluation forms | : | 1000 nos for each centre |
| 23. | Abstract form | : | for evaluation of programme by co-ordinator |
| 24. | CD for Presentations | : | |

Ravindranathan.M.K
Course Co-ordinator
Ph: 9746342952